# ശ്രീ കുന്നത്തൂർപാടി മുത്തപ്പൻ

(ഐതിഹ്യവും അപദാനങ്ങളും ചടങ്ങുകളും)

**ജനാർദ്ദനൻ പൊതുവാൾ, കാങ്കോൽ**

പ്രസാധനം
കരക്കാട്ടെടം -- എളെളരിഞ്ഞി,
ശ്രീകണ്ഠാപുരം.

വില : പത്ത് രൂപ



## ജനാർദ്ദനൻ പൊതുവാൾ, കാങ്കോൽ

കണ്ണൂർ ജില്ലയിൽ പയ്യന്നൂരിനടുത്ത
കാങ്കോൽ സ്വദേശിയാണ്.
പിതാവ് - പി.വി. കുഞ്ഞിരാമൻ നമ്പ്യാർ (late)
മാതാവ് - ടി.വി. കല്യാണിയമ്മ.

---

പയ്യന്നൂർ കോളേജ്, ഗവ.ട്രെയിനിംഗ് കോളേജ് തലശ്ശേരി എന്നിവിടങ്ങളിൽനിന്നായി മലയാളം ഐച്ഛികവിഷയമായി ബിരുദവും അദ്ധ്യാപനബിരുദവും. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. നാടോടി വിജ്ഞാനീയ ഗവേഷണരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസേവന സംഘടനയായ 'വേദിക' നാട്ടറിവ് പഠനകേന്ദ്രത്തിന്റെ സെക്രട്ടറിയാണ്. നാടൻപാട്ടുകൾ (ബാലസാഹിത്യം . പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട് )എന്ന കൃതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ നാടോടി വിജ്ഞാനീയ സംബന്ധമായ ലേഖനങ്ങൾ എഴുതാറുണ്ട്.

---

***വിലാസം*** :
ടി.വി.കെ. ഹൗസ്, പാപ്പാരട്ട, കാങ്കോൽ (പി.ഒ.)
പയ്യന്നൂർ (വഴി), കണ്ണൂർ ജില്ല, പിൻ 670337
ഫോൺ . 04985 – 281816

**ശ്രീ കുന്നത്തൂർപാടി മുത്തപ്പൻ**
**(ഐതിഹ്യവും അപദാനങ്ങളും)**
**നാടോടി വിജ്ഞാനീയം**
2006 ഡിസംബർ 1

*ഡി.റ്റി.പി.*
പ്രസന്ന. എസ്. നായർ, കരുണ പിലാത്തറ,

*ലേഔട്ട്* : പാലറ്റ് പയ്യന്നൂർ

പ്രിന്റിംഗ് : മിഡാസ് കൂത്തുപറമ്പ്

കോപ്പി : 1000

Rights Reserved

# ആമുഖം

യുഗാന്തരങ്ങളിൽ ദുഷ്ടജനനിഗ്രഹത്തിനും ശിഷ്ടജനപരിപാലനത്തിനുമായി ത്രിമൂർത്തികളും ദേവീദേവൻമാരും ഭൂമിയിലവതരിച്ച് ഭൂലോകവാസികളെ പരീക്ഷിക്കുകയും പരിരക്ഷിക്കുകയും മനുഷ്യ മനസ്സുകളിലെ കല്മഷങ്ങളകറ്റി വിശുദ്ധരാക്കിത്തീർക്കുകയും മോക്ഷം നൽകി അനുഗ്രഹിക്കുകയും ചെയ്തതായി പുരാണങ്ങളിൽ പ്രതിപാദിക്കുന്നു. ഭഗവാന്റെ ദശാവതാരങ്ങൾ കൂടാതെ അനേകം ദിവ്യജനനങ്ങൾ ഭൂമിയിലുണ്ടായിട്ടുണ്ട്. അവതാരലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി അമാനുഷികകൃത്യങ്ങൾ ചെയ്യുകയും അത്ഭുതങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമ്പോഴാണ് ദൈവികത മനസ്സിലാക്കുകയും അതുവഴി ആരാധനാപാത്രങ്ങളാവുകയും ചെയ്യുന്നത്. ഉത്തരകേരളത്തിൽ കെട്ടിയാടപ്പെടുന്ന തെയ്യക്കോലങ്ങളുടെ പുരാവൃത്തങ്ങളിൽ പലതും മേൽപ്പറഞ്ഞ കാര്യത്തെ സാധൂകരിക്കുന്നതാണ്. വേടരൂപിയായ പരമേശ്വരൻ വേടനാരീരൂപം പൂണ്ട ശ്രീ പാർവ്വതിയെ പുണർന്നപ്പോൾ ജൻമം കൊണ്ട പുത്രനാണല്ലോ വേട്ടക്കൊരുമകൻ. ശിവാംശമായി ജൻമമെടുത്ത വയനാട്ടു കുലവൻ, സർവ്വജ്ഞാനം നേടിയ ശങ്കരാചാര്യരെ പരീക്ഷിക്കുന്നതിനും ആത്മജ്ഞാനം നൽകുന്നതിനുമായി ചണ്ഡാലവേഷം ധരിച്ച പരമശിവന്റെ തിരുരൂപമായ ശ്രീ പൊട്ടൻതെയ്യം, അസുരനിഗ്രഹത്തിനായി അവതരിച്ച കാളിയും മഹാലക്ഷ്മിയും വിവിധ ഭാവങ്ങളിൽ അമ്മ ദൈവങ്ങളായി -- ഭഗവതിമാരായി -- കോലരൂപങ്ങളായി നമുക്ക് ദർശനം നൽകി അനുഗ്രഹിക്കുന്നുവെന്നത് തന്നെ ഉദാഹരണങ്ങൾ.

ആരാധകരുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠകളായും ദൈവക്കോലങ്ങളായ പ്രതിരൂപങ്ങളായും ക്ഷേത്രങ്ങളിലും കാവുകളിലും ദേവസ്ഥാനങ്ങളിലും കുടിയിരുന്നുകൊണ്ട് നമ്മെ ദൈവങ്ങൾ ഇന്നും അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്തുപോരുന്നു. വിവിധദേശങ്ങളിൽ വ്യത്യസ്തപേരുകളിൽ അറിയപ്പെടുന്ന തെയ്യങ്ങളുടെ പുരാവൃത്തങ്ങളും അപദാനങ്ങളും ക്ഷേത്രങ്ങളുടെ ഉദ്ഭവചരിത്രവും പരിശോധിക്കുമ്പോൾ വിസ്മയകരമായ അനുഭൂതികൾ പകരുന്ന ഐതിഹ്യകഥകൾ കണ്ടെത്തുവാൻ കഴിയും. ശ്രീകുന്നത്തൂർപാടിയിൽ കുടിയിരുന്നരുളുന്ന ശ്രീമുത്തപ്പന്റെ ഐതിഹ്യകഥകൾ ആ മായാമയന്റെ ശക്തിവിശേഷങ്ങൾ പോലെ തന്നെ പരന്നുകിടക്കുന്നതാണ്. മുത്തപ്പൻ ആരാധനയുമായി ബന്ധപ്പെട്ട അനുഷ്ഠാനുങ്ങളിൽ പലതും നിഗൂഢമാണ്.

..........ചതിച്ചയാളെ വിശ്വസിക്കൂലാ
വിശ്വസിച്ചയാളെ ചതിക്കൂലാ
നിന്ന കുന്നിടിക്കില്ല
തളച്ച മരം പൊരിക്കില്ല
രണ്ടവസ്ഥയില്ല ഇരുനിറമില്ല

മുത്തപ്പന്....................................... എന്ന മുത്തപ്പന്റെ വാചാലിൽ വിശ്വാസമർപ്പിച്ച ധനികരും, ദരിദ്രരും, ദു:ഖിതരും, പീഢിതരും ഒരുപോലെ മുത്തപ്പസവിധത്തിലെത്തി തങ്ങളുടെ ദു:ഖഭാരങ്ങളുടെ കെട്ടഴിക്കുമ്പോൾ "കൂടെതന്നെ നിന്ന് എല്ലാദു:ഖങ്ങളും മുത്തപ്പൻ തീർത്തുതന്നിട്ടില്ലേ? മേലിലും അങ്ങനെ ചെയ്ത് തരുന്നുണ്ട്." എന്ന ആശ്വാസവചനം കേട്ട് അനുഭവങ്ങളും ഫലങ്ങളുമായി മടങ്ങുന്ന മുത്തപ്പഭക്തൻമാർക്ക് മുത്തപ്പന്റെ ചരിത്രവും പാടിയിലെ ചടങ്ങുകളും ഹ്രസ്വവും ലളിതവുമായ രീതിയിൽ വിവരിക്കുക എന്ന എളിയ ശ്രമമാണ് ഈ ചെറുപുസ്തകം. ശ്രീ കരക്കാട്ടെടം വാണവരായ ശ്രീ എസ്. കെ. കുഞ്ഞിരാമൻ നായനാരുടെ നിർദ്ദേശപ്രകാരമാണ് ഞാൻ ഇതിന് തയ്യാറായത്. എന്റെ മനസ്സലിഞ്ഞ പ്രാർത്ഥനയും ഭഗവത്കടാക്ഷവും തന്നെയാണ് ഇതിന്റെ രചനയ്ക്ക് സഹായിച്ചിട്ടുള്ളത്.

കഥകളും ഉപകഥകളും അനുബന്ധകഥകളും ചേർന്ന് കെട്ടുപിണഞ്ഞുകിടക്കുന്ന പുരാവൃത്തമാണ് മുത്തപ്പന്റേത്. ഭക്തജനങ്ങൾക്ക് മുത്തപ്പന്റെ ചരിത്രവും അപദാനങ്ങളും ചുരുക്കത്തിൽ പ്രതിപാദിക്കുന്നതിനായി വിലപ്പെട്ട അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി നാടോടി വിജ്ഞാനീയസാഹിത്യരംഗത്ത് ഗവേഷകരായ താഴെ പറയുന്നവരുടെ ഗ്രന്ഥങ്ങൾ പരിശോധിക്കുകയും ചെയ്തതിന്റെ ഫലം കൂടിയാണ് ഈ പുസ്തകം. യശഃശരീരനായ ശ്രീ. ചിറക്കൽ ടി. ബാലകൃഷ്ണൻനായരുടെ കേരള ഭാഷാഗാനങ്ങൾ, വാല്യം ഒന്ന് (അയ്യൻ എന്ന പുരളിമല മുത്തപ്പൻതോറ്റം. പുറം 123 - 132), തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ (ശ്രീമുത്തപ്പനും പറശ്ശി

നിമഠപ്പുരയും പുറം 235 - 256) എന്നീ പുസ്തകങ്ങളും നാടോടിവിജ്ഞാനീയമേഖലയിൽ അഗ്ര ഗണനീയനായ ഡോ. എം.വി. വിഷ്ണുനമ്പൂതിരിയുടെ ഉത്തരകേരളത്തിലെ തോറ്റംപാട്ടുകൾ, (മുത്തപ്പൻദൈവത്തിന്റെ തോറ്റം, കളിക്കപ്പാട്ട്, അയ്യൻമണ്ട, മലയിറക്കൽ, കലശംപൊലിക്കൽ, പുറങ്കാലൻ പട്ടോല എന്നിവ (പുറം 104 -124), തെയ്യം (ശ്രീ മുത്തപ്പൻ പുറം 116 -117) എന്നീ പുസ്തകങ്ങളും മലബാറിലെ വിശിഷ്യാ ഉത്തരമലബാറിലെ ഐതിഹ്യകഥാശേഖരമായ ശ്രീ വാണീദാസ് എളയാവൂരിന്റെ വടക്കൻഐതിഹ്യമാലയും (കളഞ്ഞുകിട്ടിയ സൗഭാഗ്യം. പുറം 182-186). ഡോ. പ്രിയദർശൻലാലിന്റെ ശ്രീ മുത്തപ്പൻ. പുരാവൃത്തവും ചരിത്രവും, ഉഷാ നമ്പൂതിരി പ്പാടിന്റെ Kunnathurpadi. Gods own Land. (Mith & History), ശ്രീ. എ.രാജശേഖര പണിക്ക രുടെ 'സാന്ത്വനമായി ശ്രീമുത്തപ്പൻ' എന്നീ പഠന ഗ്രന്ഥങ്ങളെയും നാടൻപാട്ടിന് കേരള ഫോക്‌ലോർ അക്കാദമി അവാർഡ് ലഭിച്ച ടി.വി. കല്ല്യാണിഅമ്മ പാടിക്കേൾപ്പിച്ച കളിക്കപ്പാട്ടിലെ ആശയങ്ങളോട് സാദൃശ്യമുള്ള നാട്ടിപ്പാട്ടിലെ വസ്തുതകളെയും അവലംബമാക്കിക്കൊണ്ടാണ് ഈ രചന നിർവ്വഹിച്ചിട്ടുള്ളത്. ഇതിൽ എന്തെങ്കിലും തെറ്റുകുറ്റങ്ങൾ വന്നുപോയിട്ടുണ്ടെങ്കിൽ ഭഗവാൻ പൊറുക്കുമെന്നും അനുവാചകർ ക്ഷമിക്കുമെന്നുമുള്ള വിശ്വാസമാണെനിക്കുള്ളത്.

ആശ്രിതവത്സലനും വന്ദിച്ചവർക്ക് വരം നൽകുന്നവനുമായ ശ്രീ മുത്തപ്പന്റെ പാദാരവിന്ദ ങ്ങളിൽ ഈ പുസ്തകം സമർപ്പിക്കുന്നു. സഹൃദയരായ ഭക്തജനങ്ങൾ സഹർഷം സ്വീകരി ക്കുമെന്ന വിശ്വാസത്തോടെ

**ജനാർദ്ദനൻ പൊതുവാൾ കാങ്കോൽ**

പയ്യന്നൂർ, 1-12-06

# ഐതിഹ്യം

കണ്ണൂർ ജില്ലയിൽ ഇരിക്കൂർ പട്ടണത്തിന് തെക്ക് കിഴക്കായി ആയിപ്പുഴ (ആയിപ്പൊയ, ആയിപ്പൊഴ, ആയിപ്പുഴ) എന്നു പേരായ ഒരു ~~ഉൾനാടൻ ഗ്രാമ~~മുണ്ടായിരുന്നു. ഇന്ന് ഇരിക്കൂർ, പയ്യാവൂർ പ്രദേശങ്ങളിൽ അന്വേഷിച്ചാൽ ഏതാനും പഴമക്കാർക്ക് മാത്രമേ ഈ സ്ഥലത്തെക്കുറിച്ച് അറിയുകയുള്ളൂ എന്ന് മനസ്സിലാകും. ഈ സ്ഥലത്തുകൂടി ഒഴുകുന്ന പുഴയ്ക്ക് (ഇരിക്കൂർപുഴ) ആയിപ്പുഴ എന്നാണ് പറയുന്നത്. വളപട്ടണം പുഴയുടെ കിഴക്കേ തലയാണിത്. വളരെ ആഴത്തിൽ ഒഴുകുന്നത് കൊണ്ട് ഈ ഭാഗത്തുകൂടി ഒഴുകുന്ന പുഴ ആഴമുള്ള പുഴ എന്ന അർത്ഥത്തിൽ ആയിപ്പുഴ എന്നറിയപ്പെട്ടു.

ഇന്നത്തെ പയ്യാവൂർ വില്ലേജിൽ എരുവേശിക്കടുത്ത ആയിപ്പുഴ ഗ്രാമത്തിൽ കേളി കേട്ട ഒരു നമ്പൂതിരി മനയുണ്ടായിരുന്നു മന്ത്ര തന്ത്രാദി വിദ്യകളിൽ പ്രവീണരായ വേദജ്ഞാനികളായ ബ്രാഹ്മണ ശ്രേഷ്ഠൻമാർക്ക് ജൻമം നൽകിയ മനയായിരുന്നു 'അയ്യങ്കരമന'(മന – ഇല്ലം) ആ പ്രദേശത്ത് സ്വാധീനവും അധികാരബലവും ഉണ്ടായിരുന്ന ജൻമിഗൃഹമാണ് അയ്യങ്കരമന. ഒരു കാലത്ത് അയ്യങ്കരമനക്കാരായിരുന്നു ആയിക്കരയടങ്ങുന്ന 'എരുവേശ്ശി' നാടിന്റെ ഭരണാധിപത്യം.

പഴയ അയ്യങ്കരമനയുടേയും അനുബന്ധ കെട്ടിടങ്ങളുടേയും അസ്ഥിവാരവും തകർന്നടിഞ്ഞ മാളികകളുടെ അവശിഷ്ടങ്ങളായ കൽക്കൂമ്പാരങ്ങളും ഇന്നും അവിടവിടങ്ങളിലായി ചിതറിക്കിടക്കുന്നത് ചരിത്രാന്വേഷികൾക്ക് പഠനാർഹങ്ങളായ ശേഷിപ്പുകളാണ്.

## തിരുവവതാരം :

അയ്യങ്കരമനയുടെ പ്രതാപൈശ്വര്യങ്ങൾക്ക് കോട്ടം സംഭവിക്കാൻ തുടങ്ങി. കാലാന്തരത്തിൽ സന്തതിപരമ്പരകളുടെ എണ്ണം കുറഞ്ഞു വന്നു. ഒടുവിൽ ഒരു വൃദ്ധബ്രാഹ്മണനും ഭാര്യയും മാത്രം അവശേഷിച്ചു.നിരവധി ഭൂസ്വത്തുക്കൾ അന്യാധീനപ്പെട്ടുപോയി. മിച്ചമുള്ള വസ്തുവകകൾ യഥാവിധം പരിപാലിക്കാൻ കഴിയാതെ വന്നു. എന്നാൽ അതിലൊന്നും ആ വൃദ്ധദമ്പതിമാർക്ക് മനോവിഷമം ഉണ്ടായിരുന്നില്ല. അധിവാർദ്ധക്യത്തിലേക്ക് കടന്നുകൊണ്ടിരിക്കുന്ന അവരെ അലട്ടിക്കൊണ്ടിരുന്നത് അനപത്യതാ ദു:ഖമാണ്. ഒരു പുത്രൻ ജനിച്ച് തറവാടിന് പിന്തുടർച്ചാവകാശി ഉണ്ടായില്ലെങ്കിൽ അന്ത്യകർമ്മങ്ങൾ ചെയ്യാൻ ഒരാൺതരിയില്ലെങ്കിൽ പരഗതി നേടില്ലെന്ന തീവ്രദു:ഖം അവർക്ക് താങ്ങാൻ പറ്റാത്തതായി തീർന്നു.ദു:ഖസാന്ദ്രമായ ദിവസങ്ങൾ വ്രതങ്ങളനുഷ്ഠിച്ചും പ്രാർത്ഥനകൾ നടത്തിയും തള്ളിനീക്കിക്കൊണ്ടിരുന്നു.

തിങ്കളാഴ്ചവ്രതവും ഏകദാശിയും ദ്വാദശിയും കൃത്യനിഷ്ഠയോടെ അനുഷ്ഠിച്ചുവരുന്നതുകൂടാതെ കിരാതമൂർത്തിയായ ശിവൻ കുടികൊള്ളുന്ന പയ്യാവൂർ വയത്തൂർ കാലിയാർ ക്ഷേത്രത്തിൽ വിശേഷദിവസങ്ങളിൽ ദർശനം നടത്തുകയും ചെയ്തിരുന്നു. മാത്രമല്ലാ ശ്രീപരമേശ്വരൻ സ്വയംഭൂവായി നിലകൊള്ളുന്ന യാഗോത്സവവേദിയായ കൊട്ടിയൂരിൽ ദിവ്യധാരയായ "നെയ്യാട്ടം" എന്ന ചടങ്ങിനും മുടങ്ങാതെ അവരെത്തി തങ്ങളുടെ ദു:ഖഭാരം മാറ്റുന്നതിനായി നൊന്തുപ്രാർത്ഥിക്കുമായിരുന്നു.

അയ്യങ്കര നമ്പൂതിരിയുടെ സഹധർമ്മിണിയായ 'പാടിക്കുറ്റിയമ്മ' ശ്രീപരമേശ്വര ഭഗവൽഭക്തയും സൽഗുണവതിയും കാരുണ്യവതിയും സർവ്വരാലും ബഹുമാനിക്കപ്പെടുന്ന കുലീനസ്ത്രീയായിരുന്നു. അവരുടെ ശരിയായപേര് പാർവ്വതിക്കുട്ടിയന്തർജ്ജനം എന്നാണ് "പാർവ്വതിക്കുട്ടി " എന്ന പേരിന്റെ ഗ്രാമ്യഭാഷാരൂപങ്ങളാണ് "പാറുക്കുട്ടി" എന്നും "പാടിക്കുറ്റി "എന്നുമുള്ള വിളിപ്പേരുകൾ.

തികഞ്ഞ ഭർതൃഭക്തിയോടും ഈശ്വരവിശ്വാസത്തോടും ജീവിച്ചിരുന്ന പാടിക്കുറ്റിയമ്മക്ക് തന്റെ ഉപാസനാ മൂർത്തിയായ പരമശിവൻ കനിഞ്ഞനുഗ്രഹിക്കുമെന്നുള്ള പൂർണ്ണവിശ്വാസമുണ്ടായിരുന്നു.

## സ്വപ്നദർശനം :

ഒരു ദിവസം പാടിക്കുറ്റിയമ്മയ്ക്ക് സ്വപ്നദർശനമുണ്ടായി. അന്നൊരു പൗർണ്ണമിനാളായിരുന്നു. സ്വച്ഛന്ദനിലാവ് കളിയാടിയിരുന്ന ആ രാവിൽ പള്ളിക്കുറുപ്പിന് ശയിച്ച പാടിക്കുറ്റിയമ്മ അർദ്ധമയക്കത്തിലാണ്ടപ്പോൾ കണ്ട വിശിഷ്ട സ്വപ്നദർശനം ഇതാണ്. "ദേവവാദ്യങ്ങളുടെ പശ്ചാത്തലത്തിൽ യക്ഷകിന്നരഗന്ധർവാദികൾ സംഗീതാലാപനം മുഴക്കുന്നു. അപ്സരസുന്ദരിമാർ താളത്തിനൊത്ത് ആടിപ്പാടി നൃത്തംവെക്കുന്നു. ദേവാദിദേവൻമാർ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടങ്ങിനെ നിൽക്കുന്നു. തന്റെ മടിയിൽ കൈകാലിട്ടടിച്ച് പുഞ്ചിരിതൂകിക്കൊണ്ടിരക്കുന്ന ഒരു ഓമനയായ ആൺകുട്ടി....... സ്വപ്നാന്ത്യമടുത്തു. പെട്ടെന്ന് മടിയിലുള്ള കുഞ്ഞിനെ കാണാതാവുന്നു. ഞെട്ടിയുണർന്ന പാടിക്കുറ്റിയമ്മ നിലവിളിച്ചു. അയ്യങ്കരവാഴുന്നവരോട് സ്വപ്നദർശനത്തിന്റെ കാര്യം വിവരിച്ചു. വാഴുന്നവരും ചിലതു കാണാതിരുന്നില്ല. പ്രകൃതിയിൽ അസാധാരണമായി വന്നുചേർന്നിട്ടുള്ള മാറ്റങ്ങൾ ശുഭോദർക്കമായ സംഗതികൾക്ക് കാരണമാവാമെന്നു നമ്പൂതിരി അനുമാനിച്ചു. 'സ്വപ്നം ചിലപ്പോൾ ഫലമായി വന്നിടും' എന്ന പഴമൊഴിയിൽ വിശ്വാസം ജനിപ്പിക്കുന്ന പലതും സംഭവിച്ചിട്ടുമുണ്ട്. ആ രാത്രിയിൽ അവർക്കിരുവർക്കും ഉറക്കം ശരിയായില്ല.

## പുത്രലബ്ധി :

പുലരുവാനേഴര രാവുള്ളപ്പോൾ തന്നെ പാടിക്കുറ്റിയമ്മ തോഴിമാരോടൊത്ത് ആയിപ്പുഴയിലെ 'തിരുവൻകടവിൽ' നീരാട്ടിനായി ചെന്നു. (നാടുവാഴി കുടുംബക്കാർക്കും ബ്രാഹ്മണ കുടുംബങ്ങൾക്കും കുളിക്കുന്നതിനായി പുഴയിൽ പടവുകൾ കെട്ടി ഒരുക്കിയ സ്നാനഘട്ടമാണ് തിരുവൻകടവ്. രാജകീയവും ദൈവീകവുമായവയെ 'തിരു' ചേർത്ത് വിശേഷിപ്പിക്കുന്നത് പതിവാണല്ലോ. രാജകുടുംബാംഗ

ങ്ങളും ബ്രാഹ്മണകുടുംബാംഗങ്ങളും കുളിക്കുന്ന കടവിനേയും കുളങ്ങളേയും തിരുവങ്കടവ്, തിരുവൻചിറ എന്നിങ്ങനെയെല്ലാം പറയുന്നു.) അത്തും, താളിയും, വാകയും, മഞ്ഞളും തേച്ച് വിധിയാംവണ്ണമുള്ള സ്നാനത്തിനായി അവർ പുഴയിലിറങ്ങി ഒന്നു മുങ്ങിയപ്പോൾ വെള്ളത്തിനടിയിൽ നിന്നും ചിലമ്പൊലിയും ചെണ്ടമേളവും ചീനിക്കുഴൽ നാദവും ചെവികളിൽ അലയടിച്ചു. അസാധാരണമായ ഈ അനുഭവത്തിൽ ആശ്ചര്യപുളകിതയായ അവർ ചുറ്റുപാടും നോക്കി. അവർ മൂന്നു പ്രാവശ്യം മുങ്ങി നിവർന്നപ്പോൾ കണ്ടത് അത്ഭുതകരമായ ഒരു കാഴ്ചയാണ്. പുഴമദ്ധ്യത്തിൽ പൂത്തളിക പോലെ ഒന്ന് വെള്ളത്തിലൂടെ ഒഴുകിനടക്കുന്നതായി തോന്നി. തൊട്ടടുത്ത് ഉയർന്നു നിൽക്കുന്ന പാറയിൽ കൈകാലിട്ടടിച്ച് ചിരിച്ചു കൊണ്ട് ഒരു ഓമന ബാലൻ! അതിനടുത്തായി തിളങ്ങുന്ന ഒരു നീല വസ്ത്രവും രണ്ട് നീലിച്ച അമ്പുകളും കാണാൻ കഴിഞ്ഞു. അവർ തന്റെ ഉപാസനാമൂർത്തിയായ കിരാതമൂർത്തി പയ്യാവൂരപ്പനെ മനസ്സിൽ ധ്യാനിച്ച് കൊണ്ട് ഈറനോടെതന്നെ കുഞ്ഞിനെ വാരിയെടുക്കാനായി കല്ലിനടുത്തേക്ക് നീങ്ങി. അവർ തലേനാളിലെ സ്വപ്നദർശനത്തെക്കുറിച്ചോർത്തു. ശ്രീ പരമേശ്വരന്റെ വരദാനമായിരിക്കാം. ആശങ്കയേതുമില്ലാതെ അവർ കുഞ്ഞിനെ വാരിയെടുത്തു. പുത്രനിർവ്വിശേഷവും മാതൃനിർവ്വിശേഷവുമായ ഒരു ബന്ധം പ്രഥമദർശനത്തിൽ അവർക്കനുഭവപ്പെട്ടു. ആ ദിവ്യമായ അനുഭൂതിയിൽ അവരുടെ മുലചുരന്നു. കുഞ്ഞിനെ മുലയൂട്ടി. താലോലിച്ചു. തോഴിമാർ ഇതുകണ്ട് ആനന്ദ ബാഷ്പം തൂകി. പാടിക്കുറ്റിയമ്മ തനിക്ക് ലഭിച്ചിരിക്കുന്ന അസുലഭഭാഗ്യത്തിൽ നിർവൃതികൊണ്ടു. കുഞ്ഞിനെയുമെടുത്ത് ആഹ്ലാദാരവങ്ങളോടെ അയ്യങ്കരയില്ലത്തേക്ക് വന്നു. വാഴുന്നോരും പരിവാരങ്ങളും വിളക്കും തളികയുമായി യഥാവിധി ഇല്ലത്തേക്ക് സ്വീകരിച്ചു. (ശിശുവായിരുന്ന മുത്തപ്പൻ കിടന്നിരുന്ന വെള്ളാരംകല്ലാണ് പിന്നീട് "തിരുനെറ്റിക്കല്ല്" എന്നറിയപ്പെടുന്നത്)ആ ബ്രാഹ്മണദമ്പതികൾ അവരുടെ സ്വന്തം മകനെപ്പോലെ മനയിൽ വളർത്താൻ തയ്യാറായി. മുത്തുപോലെ വിളങ്ങുന്ന ആ ബാലനെ ദാസിമാരും പരിചാരകൻമാരും "മുത്തപ്പൻ" എന്ന പേരുചൊല്ലി വിളിച്ചു. എന്നാൽ അയ്യങ്കരവാഴുന്നോരും പാടിക്കുറ്റിയമ്മയും 'അയ്യങ്കരഉണ്ണി' എന്ന ഓമനപ്പേരാണ് വിളിച്ചിരുന്നത്.

**ബാല്യകാലം :**

മുത്തുപോലെ വിളങ്ങുന്ന ഉണ്ണിയെ എങ്ങനെ വളർത്തണമെന്നും ഏതുപാലുനൽകി വളർത്തണമെന്നുമുള്ള ചിന്ത പാടിക്കുറ്റിയമ്മയ്ക്കുണ്ടായി. ആനപ്പാലു കൊടുത്തു വളർത്തിയാൽ ആനയെപോലെ മദം കിളരുമെന്ന കാരണത്താൽ അത് വേണ്ടെന്നുവെച്ചു. കുതിരപ്പാൽ കുംഭകാമിലക്കുവഴി വെക്കുമെന്നതിനാൽ അതും ഉപേക്ഷിച്ചു. ഒടുവിൽ "ഗോദാവരി"പശുവിന്റെ പാൽ കൊടുത്തു വളർത്താമെന്ന ധാരണയിൽ അവർ എത്തിച്ചേർന്നു. കാച്ചിക്കുറുക്കിയ പശുവിൻ പാലിൽ കാട്ടുതേൻ ചേർത്ത് മധുരം വരുത്തി നൽകിയാണ് കുഞ്ഞിനെ വളർത്തിയത്.

അയ്യങ്കരമനയിൽ വളർന്നുവരുന്ന ബാലനെ കാണുന്നതിനും താലോലിക്കുന്നതിനും കണ്ണനെ കാണാൻ അമ്പാടിയിൽ എന്നപോലെ ബന്ധുജനങ്ങളും മറ്റും ധാരാളമായി എത്താൻ തുടങ്ങി. ദിവ്യാനുഭവത്തിലൂടെ ലഭിച്ച ഈ അത്ഭുതബാലനെ വലയം ചെയ്തിരിക്കുന്ന പ്രകാശധാര അവരിൽ ആശ്ചര്യമുളവാക്കി, വളരെക്കാലമായി ദുഃഖം തളം കെട്ടി നിന്നിരുന്ന അയ്യങ്കരമനയിൽ നാൾക്കുനാൾ ആഹ്ലാദാരവങ്ങൾ അലയടിക്കാൻ തുടങ്ങി.

സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും ആറേഴുവർഷങ്ങൾ കടന്നുപോയി. പാലും പഴവും എത്രനൽകിയാലും മുത്തപ്പന് മതിയാകില്ല. വലിയ പഴക്കുലകൾ തന്നെ മതിയാകില്ല. കുടിയാൻമാർ കദളിക്കുലകളും ചിങ്ങൻകുലകളും പൂവൻകുലകളും മറ്റും ധാരാളമായി കാഴ്ചവെക്കുമായിരുന്നുവെങ്കിലും അതൊന്നും തന്നെ തികയാറുണ്ടായിരുന്നില്ല. വെണ്ണയും പാലും കണ്ണനെന്നപോലെ മധുചേർത്ത പാലും പഴവും ആ ഉണ്ണിക്ക് ഏറെ പ്രിയതരം തന്നെ.

ഇഷ്ടഭക്ഷണസമൃദ്ധിയും ലാളനയും പ്രായത്തിൽക്കവിഞ്ഞ ശരീരവളർച്ചയ്ക്കു കാരണമായി, ശരീരവളർച്ചയേക്കാൾ ബുദ്ധിയുടെ വികാസവും സാമർത്ഥ്യവും അതിശയിപ്പിക്കുന്ന തരത്തിലാണ്. അയ്യങ്കരവാഴുന്നവർ മുത്തപ്പനെ പരമ്പരാഗതമായി അനുവർത്തിച്ചുവരുന്ന ബ്രാഹ്മണാചാരരീതിയിൽ വളർത്താൻ വളരെയധികം ശ്രമിച്ചു. യഥാകാലം ഉപനയനാദികർമ്മങ്ങൾ നടത്തി.

**കൗമാരകാലം :**

വളരുന്തോറും മുത്തപ്പന്റെ പെരുമാറ്റരീതി വിചിത്രമായിരുന്നു. വേദമന്ത്രങ്ങൾ ഉരുവിട്ട് പഠിച്ച് പ്രയോഗിച്ച് ബ്രാഹ്മണ്യത്തിന്റെ പടവുകൾ കയറേണ്ട കുമാരന് 'വേടന്റെ വിദ്യ'കളിയിലായിരുന്നു താൽപര്യം. മാതാപിതാക്കളോട് അവൻ അമ്പും വില്ലും ആവശ്യപ്പെട്ടു. മകന്റെ ഏതാഗ്രഹവും സാധിപ്പിച്ചു കൊടുക്കുന്ന ആ ബ്രാഹ്മണദമ്പതികൾ ലക്ഷണമൊത്ത വില്ലും ശരവും നിർമ്മിച്ചുകൊടുത്തു

ഇഷ്ടപ്പെട്ട ആയുധങ്ങൾ ലഭിച്ചപ്പോൾ മുത്തപ്പന് നായാട്ടിനുണ്ടായിരുന്ന കമ്പം കൂടുതലായി. കാനനാന്തർഭാഗത്ത് കടന്ന് നായാടുവാൻ തുടങ്ങി. വേട്ടയാടിക്കിട്ടുന്ന കൊട്ടൻ, കൂരൻ തുടങ്ങിയ ജന്തുക്കളെയും മുട്ടെണ്ണിപ്പുള്ള്, പറണ്ടക്കോഴി, കാട തുടങ്ങിയ പക്ഷികളേയും കോവിലകത്തുകൊണ്ടുവന്നുചുട്ടുതിന്നുക പതിവാക്കി. ചൂണ്ടയിട്ടു മീൻപിടിക്കുന്നതിലും അമിതമായ താത്പര്യം കാണിച്ചു.

ചുട്ടുകരിച്ച മത്സ്യമാംസാദികളുടെ രൂക്ഷഗന്ധം അയ്യങ്കരയില്ലക്കാർക്ക് അസഹനീയമായി തോന്നി. ബ്രാഹ്മണ്യത്തിന്റെ ചട്ടക്കൂട്ടിൽ വളരേണ്ട മകന്റെ ഇത്തരം പ്രവർത്തനങ്ങൾ അയ്യങ്കരവാഴുന്നവരേയും പാടിക്കുറ്റിയേയും വിഷമവൃത്തത്തിലാക്കി. അവർ മകനെ ഗുണദോഷിച്ചു നേരെയാക്കാൻ ശ്രമിച്ചു.

ഇതൊന്നും മുത്തപ്പനിൽ യാതൊരു ഭാവഭേദവുമുണ്ടാക്കിയില്ല.

അമ്പും വില്ലും ധരിച്ച മുത്തപ്പൻ മലമടക്കുകളിലും കൊടുംകാടുകളിലും സഞ്ചരിച്ച് തന്റെ സ്വഭാവരീതികൾ തുടർന്ന് കൊണ്ടേയിരുന്നു. ക്രൂരമൃഗങ്ങളെ വേട്ടയാടിയും പ്രപഞ്ചശക്തികളോട് മല്ലടിച്ചുകൊണ്ടുള്ള കൗമാരസഹജമായ ധീരകൃത്യങ്ങൾ മലയടിവാരങ്ങളിൽ താമസിച്ചിരുന്ന ഗിരിജനങ്ങളിലും മറ്റും വീരാരാധനകലർന്ന ഭക്തിഭാവം വളർത്തി. അടിയാൻ, കരിമ്പാലൻ, മാവിലൻ, കുറിച്യൻ തുടങ്ങിയ അധഃകൃതവർഗ്ഗക്കാരുമായി ചങ്ങാത്തം സ്ഥാപിച്ചു.അവരുടെ രക്ഷകനായി മാറാൻ തുടങ്ങി.

## മനയിലെ അസ്വസ്ഥതകൾ :

താഴ്ന്ന ജാതിക്കാരുമായുള്ള പുത്രന്റെ സംസർഗ്ഗവും മറ്റും യാഥാസ്ഥിതിക ബ്രാഹ്മണസമൂഹത്തിന് ചിന്തിക്കാൻ തന്നെ കഴിയുന്നതല്ലല്ലോ. ബാലന്റെ ഇത്തരം പ്രവൃത്തികൾ കുലമഹിമക്ക് കോട്ടം വരുത്തുമെന്നും ബ്രാഹ്മണ്യത്തിന്റെ ബന്ധങ്ങൾ അവസാനിപ്പിക്കുന്നതിന് കാരണമാകുമെന്നും വിവിധ തറവാടുകളിലെ ബ്രാഹ്മണശ്രേഷ്ഠൻമാർ അയ്യങ്കരവാഴുന്നവരെ ഉദ്ബോധിപ്പിച്ചു. അതുകൊണ്ടുതന്നെ പുത്രന്റെ 'തെറ്റായ പോക്കിനെതിരേ' ശബ്ദമുയർത്താൻ തയ്യാറായി.

പുത്രവാത്സല്യനിധിയായിരുന്ന പാടിക്കുറ്റിയമ്മക്ക് മകന്റെ 'ദുർമാർഗ്ഗസഞ്ചാര'ത്തിൽ ദുഃഖമുണ്ടെങ്കിലും പുത്രലബ്ധി മുതൽ ഇതുവരെയുള്ള അനുഭവങ്ങൾ വെച്ച് ദിവ്യമായ സവിശേഷതകൾ തന്റെ പുത്രനുണ്ടെന്ന് മനസ്സിലാക്കിയിരുന്നു. എങ്കിലും അവർക്ക് മകനെ നേർവഴിക്ക് കൊണ്ടുവരാൻ വേണ്ടി ഉപദേശിക്കുകയും തന്റെ ഉപാസനാമൂർത്തിയായ പയ്യാവൂരപ്പനോട് മനസ്സലിഞ്ഞു പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. മാതൃസഹജമായ സ്നേഹം ഓമനമകന്റെ വഴിതടയുന്നതിൽ നിന്നും ആ ബ്രാഹ്മണപത്നിയെ വിലക്കി.

മകന്റെ ദുർമാർഗ്ഗസഞ്ചാരമുണ്ടാക്കിയ പ്രശ്നങ്ങൾ സംബന്ധിച്ച് മനയിൽ സംഘർഷം ഉടലെടുക്കാൻ തന്നെ കാരണമായി. ബ്രാഹ്മണ്യം നഷ്ടപ്പെടുമെന്ന ഭയം കാരണം മുത്തപ്പനെ ഇല്ലത്തുനിന്നും പുറന്തള്ളണമെന്ന വാഴുന്നവരുടെ ആവശ്യവും തീരുമാനവും പാടിക്കുറ്റിയമ്മയ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല. മാതാവിന്റെ പുത്രവാത്സല്യവും പിതാവിന്റെ സാമൂഹ്യസമ്മർദ്ദങ്ങളും മൂലമുള്ള കുടുംബവഴക്ക് മൂർച്ഛിച്ചുവന്നു. കരച്ചിലും പിഴിച്ചിലുമായി പാടിക്കുറ്റിയമ്മ ദുഃഖത്തിലാണ്ടുപോയി.

ഒരു ദിവസം അച്ഛനമ്മമാർ തമ്മിലുള്ള വഴക്ക് അന്ത്യഘട്ടത്തിലായ സന്ദർഭത്തിൽ മുത്തപ്പൻ അയ്യങ്കരയിലെത്തി. കരഞ്ഞുകലങ്ങിയ കണ്ണുകളോടെയിരിക്കുന്ന അമ്മയുടെ അടുത്തേക്ക് കടന്നുവന്നു. മനക്കകത്തെ പ്രശ്നങ്ങൾ മനക്കണ്ണുകൊണ്ട് കാണാൻ കഴിഞ്ഞ മുത്തപ്പന് അസ്വസ്ഥതകൾ മൂലം ഉൾക്കിടിലമുണ്ടായി. കണ്ണുകൾ തീക്കട്ട പോലെയായി. അമ്മയുടെ അടുത്ത് ചെന്ന് മുത്തപ്പൻ ക്രുദ്ധനായി ചോദിച്ചു.

"എന്തു പറഞ്ഞമ്മേ വാഴുന്നോര് " -- എന്ന മുത്തപ്പന്റെ ചോദ്യത്തിന്

"ഞാനേതും കേട്ടില്ലെൻ പൊൻമകനേ" -- എന്നു ഒരുവിധം പറഞ്ഞൊപ്പിക്കുവാൻ മാത്രമേ പാടിക്കുറ്റിയമ്മക്ക് കഴിഞ്ഞുള്ളൂ. എല്ലാമറിയുന്നവനായ മുത്തപ്പന് കാര്യത്തിന്റെ ഗൗരവം മനസ്സിലായി.

"അമ്മ ഒറ്റച്ചെവിയാലേ കേട്ടില്ലെങ്കിൽ
ഞാനെന്റെ തൃച്ചെവിയാലേ കേട്ടൂ"

-- ഇനിമുതൽ ഞാനിവിടെ നിൽക്കില്ല. കോപാക്രാന്തനായി ജ്വലിക്കുന്ന കണ്ണുകളുമായി ചുറ്റുപാടും നോക്കി. കണ്ണുകളിൽ നിന്നും തീനാളങ്ങൾ പുറപ്പെടാൻ തുടങ്ങി. പരിസരത്തുള്ള വൻമരങ്ങൾ പോലും ആ അഗ്നിജ്വാലയിൽ ചാരമായിപ്പോയി. അമ്മ ഭയന്ന് വിറക്കാൻ തുടങ്ങി. കൂസലേതുമില്ലാതെയിരിക്കുന്ന അയ്യങ്കരവാഴുന്നവർക്കെതിരെ തൃക്കണ്ണുമിഴിച്ചു. ക്രൂദ്ധനായി മുന്നോട്ടുനീങ്ങിയ മകന്റെ രൗദ്രഭാവം കണ്ട് ഞെട്ടിത്തരിച്ച പാടിക്കുറ്റിയമ്മ ഭയന്നുവിറച്ചു

തൃക്കണ്ണുമിഴിച്ചു നിൽക്കുന്ന സംഹാരരുദ്രനായ സാക്ഷാൽ പരമശിവന്റെ രൂപമാണ് പാടിക്കുറ്റിയമ്മയുടെ മനസ്സിൽ വന്നത്. തന്റെ വളർത്തുമകനെ പരമോന്നതനായ 'ദൈവ' മായി തിരിച്ചറിഞ്ഞ ആ മാതാവ് മുത്തപ്പനോട് കോപത്തെ അടക്കി നിർത്താൻ അപേക്ഷിച്ചു. വാത്സല്യനിധിയായ, താൻ ഭക്ത്യാദരപൂർവ്വം ബഹുമാനിക്കുന്ന അമ്മയുടെ സ്നേഹത്തോടെയുള്ള ആജ്ഞശിരസ്സാവഹിച്ച് ശാന്തത കൈവരിച്ചു.

## മലനാട്ടിലേക്ക് :

ജൻമലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് സമയമായിരിക്കുന്നുവെന്ന് മുത്തപ്പന് ബോധ്യപ്പെട്ടു. 'ഞാൻ മനവിട്ടിറങ്ങുന്നു. മലനാട് സഞ്ചാരത്തിനായി പുറപ്പെടുന്നു'. ('മലനാടു കൊള്ള'ക്ക് പോകുന്നു എന്ന് മുത്തപ്പന്റെ തിരുമൊഴി) എന്ന് മുത്തപ്പൻ അമ്മയോട് പറഞ്ഞു.

ചിന്താധീനയായ പാടിക്കുറ്റിയമ്മ തന്റെ വാത്സല്യഭാജനമായ പൊൻമകനോട് ഇങ്ങനെ പറഞ്ഞു.

" ഇത്രകടിയോരു പൊൻമകനെ
എനിക്കൊട്ടും വെച്ചു പൊറുത്തുകൂടാ

എകർന്ന മലനോക്കി പോയ്ക്കൊള്ളട്ട്"

ഇത്രയേറെ രൗദ്രഭാവം കാണിക്കുന്ന നീ ഈ മനയിൽ വസിക്കേണ്ടവനല്ല. ഉയർന്നകുന്നും മലയുമൊക്കെയാണ് നിനക്കുനല്ലത്.

" മലനാട് വാസം പൊരുത്തം നിനക്ക്
കുന്നത്തൂരാകും മലക്ക് പോട് നീ"

പാടിക്കുറ്റിയമ്മ മകന് അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ട് ഒരാവശ്യമുന്നയിച്ചു.

കനൽക്കട്ടപോലെ ജ്വലിക്കുന്ന കണ്ണുകൾ സംഹാരമൂർത്തിയുടെ ഭാവമുണ്ടാക്കുന്നു. ഈ ഭൂമിയിലെ അശരണായവർക്ക് മോക്ഷം നൽകാനായി അവതരിച്ചവനായ നിനക്ക് അരിശംതുളുമ്പുന്ന കണ്ണുകൾ ഭൂഷണമല്ല. അത് കൊണ്ട് നീ പൊയ്ക്കണ്ണ് ധരിക്കണം. ഗദ്ഗദകണ്ഠയായി പാടിക്കുറ്റിയമ്മ തന്റെയാവശ്യം മകനോട് പറഞ്ഞൊപ്പിച്ചു. കടലരികെ ചേർന്ന്പോയാൽ മത്തിയുടെ ചൂര് (ദുർഗ്ഗന്ധം) അടിക്കും എന്നതിനാൽ ആ വഴി പോകരുതെന്നും തോക്കുമ്മകത്തി (വെടിക്കോപ്പ്-തോക്കും ബയണറ്റും)കൈയിൽ എടുക്കരുതെന്നും അമ്മ പറഞ്ഞു.

അമ്മയുടെ ആവശ്യം ശിരസാവഹിച്ച മുത്തപ്പൻ പൊയ്ക്കണ്ണു ധരിക്കാൻ തയ്യാറായി. ശാന്തചിത്തനായി അയ്യങ്കരമന വിട്ടിറങ്ങാൻ ഒരുങ്ങി പുറപ്പെട്ടു.

തോക്കുമ്മക്കത്തി എടുത്താൽ വെടിക്കുരിക്കളെന്നു പറയും, വാളും പരിചയുമെടുത്താൽ പടനായരെന്ന് പറയും അതിനാൽ നീലക്കരിമ്പട്ടുചേല ധരിച്ച് കരിമ്പനയലകുകൊണ്ട് നിർമ്മിച്ച വില്ലും കൈയിലേന്തി കാരിരുമ്പു കൊണ്ടുണ്ടാക്കിയ രണ്ടമ്പുകളും കൊമ്പൻ ചുരികയുമെടുത്തു. മാതാപിതാക്കളുടെ മുന്നിൽ വന്ന് നമസ്ക്കരിച്ച് മൂന്നുതവണ വലത്തുവച്ചു. തിരുരൂപം ദർശിപ്പിച്ചു. അമ്മക്ക് ആത്മജ്ഞാനം നൽകി. യാത്ര ചോദിച്ചു. അമ്മ അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞു കൊണ്ടുപറഞ്ഞു. കാട്ടിലെ കാട്ടാളരും കരിമ്പുലിയും നിന്റെ ആജ്ഞാനുവർത്തികളായിരിക്കും. അശരണയായി നിന്നെ ആശ്രയിക്കുന്നവർക്ക് നീ എന്നും തുണയായിരിക്കണം.

മാതാവ് തയ്യാറാക്കി നൽകിയ വെള്ളികൊണ്ടുള്ള പൊയ്ക്കണ്ണുകൾ ധരിച്ചു. കാളിനായ്ക്കളുടെ കയറ് ചേർത്ത് പിടിച്ചു തന്റെ മാതാവ് നിർദ്ദേശിച്ച കുന്നത്തൂർമല ലക്ഷ്യമാക്കി പുറപ്പെട്ടു. മുത്തപ്പന്റെ യാത്രാവേളയിൽ അവിടെക്കൂടിയ ജനങ്ങളെയെല്ലാം അനുഗ്രഹിച്ചശേഷം പടിയിറങ്ങി. പോകുന്ന വഴിയിൽ തിരുവൻകടവിൽ ആദ്യമായി സ്പർശിച്ച തിരുനെറ്റിക്കല്ലിൽ പൂവിട്ടുവന്ദിക്കുകയും ചെയ്തു. അവിടെനിന്നും നേരെകിഴക്ക് ഉയർന്നുകാണുന്ന 'മുഴക്കവള്ളിക്കോട്ട്' യിലേക്ക് യാത്ര തിരിച്ചു. (കുന്നത്തൂർ പാടിയുടെ വടക്കുഭാഗത്തായാണ് മുഴക്കവള്ളിക്കോട്ട. ഇവിടെ ഒരുപടുകൂറ്റൻ കോട്ടയുടെ അവശിഷ്ടങ്ങൾ കാണാൻ കഴിയും) കോട്ടയിലെത്തിയ ബാലൻ വേഷവിതാനങ്ങൾ മാറി. 'മയിൽപ്പീലി കൊണ്ട് പൊതിഞ്ഞ് വേടരാജാവായി പുറപ്പെട്ടു' എന്ന് 'പട്ടോല' യിൽ പറയുന്നു. അവിടെനിന്നു കൊണ്ട് "കടലോടു കണ്ണാപുരം വരെ നോക്കിക്കണ്ടു"(ചെറുകുന്നിനടുത്ത ശ്രീകൃഷ്ണഭഗവാന്റെ വിഹാരഭൂമിയായ കണ്ണപുരമാണ് തോറ്റത്തിൽ സൂചിപ്പിക്കുന്ന സ്ഥലം) അവിടെനിന്ന് ഒന്നുതിരിഞ്ഞപ്പോൾ തെക്കുഭാഗത്തായി മഹാമേരുപോലെ വിളങ്ങുന്ന "എകർന്നമല കനകഭൂമി കുന്നത്തൂർപാടി" കണ്ടെത്തി. ഭഗവാന്റെ ദൃഷ്ടി അവിടെ തങ്ങിനിന്നു.

(കുന്നത്തൂർ മലയിലേക്കുള്ള യാത്രയ്ക്കിടയിൽ നാട്ടുക്കല്ല്, വീട്ടുക്കല്ല്, പാടിമലംകുറ്റി, നൻമേനാർപാടി, മൂവർമല എന്നിവിടങ്ങളിലെ ധർമ്മനിഷേധികളെ അമർച്ചചെയ്തു. കണ്ണാടിമല, കണ്ണാടിക്കൊടുമല തുടങ്ങിയ സ്ഥലങ്ങളിൽ വിശ്രമിക്കുകയും മലയടിയാൻമാരുടെ ആതിഥ്യം സ്വീകരിച്ച് അനുഗ്രഹിച്ചതായും തോറ്റംപാട്ടിൽ സൂചിപ്പിക്കുന്നു.)

## കുന്നത്തൂർ മലയിൽ

ആകാശം മുട്ടെ വളർന്നു നിൽക്കുന്ന വൻമരങ്ങളും നീലക്കരിമ്പനകളും മുളങ്കാടുകളും കാട്ടുവള്ളികളും കൊണ്ട് നിബിഡമായ കുന്നത്തൂർമല. തന്റെ മാതാവ് തനിക്ക് വിഹരിക്കാൻ നിർദ്ദേശിച്ചസ്ഥലം മുത്തപ്പന് വളരെയധികം ഇഷ്ടപ്പെട്ടു. ആ ഘോരവനമാകെ ചുറ്റി നടന്നുകണ്ടു. ദീർഘയാത്രയാലുള്ള ക്ഷീണമകററാൻ അടുത്തുകണ്ട മൂർഖൻ പനയോട് ചാരിക്കിടന്നു. ഒന്നു മയങ്ങിയുണർന്നപ്പോൾ കണ്ടത് മധു കുംഭങ്ങൾ തൂങ്ങിക്കിടക്കുന്ന ചെത്തുപനകളായിരുന്നു. ! മധുപ്രിയനായ ഭഗവാൻ പിന്നെയൊന്നും ആലോചിച്ചില്ല. മലയടിവാരത്തുകണ്ട അരയ്ക്കൻ പനയോട് നായ്ക്കളെ തളച്ചു. മധുപൻ പനയുടെ മുകളിൽക്കയറി കുടമെടുത്ത് മതിയാവോളം മധുസേവ നടത്തി.

"മേൽക്കുംഭം കീഴ്ക്കുംഭം കള്ളെടുത്തു
നന്നായി ഞെരിവട്ടം കുടിച്ചുദൈവം"--എന്നു 'കളിക്കപ്പാട്ടിൽ' പറയുന്നു. (ഞെരിവട്ടം എന്നാൽ മതിയാവോളം എന്നും മദോന്മത്തനാവുംവിധം എന്നും അർത്ഥം) .

### ചന്തനെ കല്ലാക്കി മാറ്റുന്നു :

കുന്നത്തൂർ മലനാടുവാഴുംകാലം പനകളിൽ നിന്നും കള്ളെടുത്തു കുടിക്കുന്നത് ഒരു പതിവാക്കി മാറ്റി. ചെത്തിക്കിട്ടുന്ന കള്ളിൽ നിത്യേനയെന്നോണം അളവിൽ സാരമായ കുറവ് കാണാൻ തുടങ്ങി. കുന്നത്തൂർമലയടിവാരത്ത് പതിവായി പനചെത്തിയിരുന്നവരാണ് മൂത്തോരാം ഇല്ലക്കാർ (തറവാട്ടുകാർ) കള്ളിന്റെയളവിൽ കുറവനുഭവപ്പെട്ട ജ്യേഷ്ഠാനുജൻമാരായ മൂത്തോരാം ചന്തനും അനു

ജൻ ഇളയോരാം ചന്തനും തമ്മിൽ സംശയം മൂത്തു. മൂത്തോരാം ചന്തൻ 'കള്ളനെ' കയ്യോടെ പിടികൂടാൻ ഒരുമ്പെട്ടു.

ഒരുനാൾ ഉച്ചനേരത്തെ ചെത്തിന് പതിവിലും നേരത്തേതന്നെ ചന്തൻ വന്നു. പനമുരട്ടു ചാരി വെച്ചിരിക്കുന്ന അമ്പും വില്ലും ശ്രദ്ധയിൽപ്പെട്ട ചന്തൻ പനയുടെ മുകളിലേക്ക് നോക്കി. പനമുകളിലിരുന്നു പതിവുപോലെ കള്ളു കുടിക്കുകയായിരുന്നു മുത്തപ്പൻ. ആരാണെന്ന ചോദ്യത്തിന് മറുപടി ലഭിക്കാത്തതിനാൽ കോപാവേശനായ ചന്തൻ വില്ലെടുത്ത് അമ്പ് തൊടുക്കാൻ ഞാൺ വലിച്ചു. ഞാണൊച്ച കേട്ട മുത്തപ്പൻ പനമുകളിലിരുന്നുകൊണ്ട് തന്നെ ചന്തനുനേരെ തൃക്കണ്ണ് മിഴിച്ചു. മിന്നലേറ്റതുപോലെയായി ചന്തൻ !. 'വിശ്വരൂപ'ത്തെ ഒരുനോക്കുകാണാനേ ചന്തനു കഴിഞ്ഞുള്ളൂ. ചന്തൻ ശിലയായി മാറുവാൻ നിമിഷങ്ങൾവേണ്ടിവന്നില്ല. അമ്പെയ്യാനൊരുങ്ങിയ അതേരൂപത്തിൽ ചന്തൻ ശിലാരൂപം പ്രാപിച്ചു.

## ചന്തനെ പൂർവ്വരൂപത്തിലാക്കുന്നു :

മുത്തോരാൻ ചന്തന്റെ ഭാര്യയാണ് കല്ലായിക്കൊടി അടിയാത്തി. (കല്ലായ്ക്കൊടി നല്ലപെണ്ണും പിള്ള - എന്ന് ഉരിയാട്ട്) ഉച്ചയ്ക്കു പനചെത്താൻ പോയ ചന്തൻ പതിവിലും വൈകിയിട്ടും തിരിച്ചുവന്നില്ല. വൈകുന്നേരമായി. സന്ധ്യകഴിഞ്ഞിട്ടും ചന്തനെ കാണാനില്ല. രാവേറെയായിട്ടും ചന്തൻ മടങ്ങിവന്നില്ല. കല്ലായിക്കൊടി മലദൈവങ്ങളെയും പയ്യാവൂരപ്പനെയും വിളിച്ചുകരഞ്ഞു. കാട്ടാനയോ കാട്ടുപോത്തോ പുല്ലാനിമൂർഖനോ എന്റെ ചന്തനെ എന്തെങ്കിലും ചെയ്തോ! അല്ലാ പനമുകളിൽ നിന്നെങ്ങാനും വീണുപോയോ.....അടിയാത്തിയുടെ വിഭ്രമചിന്തകൾ പലവഴിക്ക് തിരിഞ്ഞു. എന്റെ ചന്തനൊന്നും വരുത്തരുതേ അവൾ പരദൈവങ്ങളെ വിളിച്ചും നേർച്ചകൾ നേർന്നും കരഞ്ഞും പിഴിഞ്ഞും സ്വയം ശപിച്ചും നേരം പുലർത്തി.

പിറ്റേന്നാൾ നേരം പുലരുമ്പോഴേക്കും അവൾ ഏറ്റുപനയുടെയടുത്തേക്ക് അലമുറയിട്ടു കരഞ്ഞുകൊണ്ടോടി. അടിയാത്തി പനക്കു ചുറ്റും നോക്കി. പനമുകളിലേക്ക് അമ്പെയ്യാനെന്ന വണ്ണം ശിലയായി നിൽക്കുന്ന ചന്തന്റെ രൂപത്തെയാണവൾ കണ്ടത്. അവൾ വിലപിച്ചുകൊണ്ട് തന്നെ പനയുടെ മുകളിലേക്ക് നോക്കി. മധുപൻപനയുടെ മുകളിൽ നേർത്തപുഞ്ചിരിയും മൃദുവായ അട്ടഹാസവുമായി ഒരു ദിവ്യരൂപം മുത്തുമാലകൾ ധരിച്ച് കാൽച്ചിലമ്പണിഞ്ഞ് കറുത്തുനീണ്ടതാടിയുമായി സൂര്യതേജസ്സിനെ വെല്ലുന്ന പ്രഭാവം പൊഴിക്കുന്ന ഒരപൂർവ്വസുന്ദര പുരുഷൻ ഇരിക്കുന്നു. താനിതുവരെ ദർശിക്കാത്ത ദൈവസമാനമായ വിശ്വരൂപം കണ്ട് ഭയന്ന് വിളറിയ അടിയാത്തിയുടെ ഹൃദയത്തിൽ നിന്ന് ഉറഞ്ഞുപൊട്ടിയ ഒരു നാദം പോലെ എന്റെ "മുത്തപ്പാ........................."എന്ന് കാടാകെ മുഴങ്ങുമാറ് നിലവിളിച്ചു. അതൊരലർച്ചതന്നെയായിരുന്നു. സ്വബോധം വീണ്ടെടുത്ത അടിയാത്തി ചന്തന്റെ തെറ്റുകുറ്റങ്ങൾ പൊറുത്ത് മാപ്പാക്കണമെന്നും തന്റെ ഭർത്താവിനെ പൂർവ്വസ്ഥിതിയിലാക്കണമെന്നും കേണപേക്ഷിച്ചു. എന്റെ പൊൻമുത്തപ്പാ കുന്നത്തൂർമലമുകളിൽ 'മറയൂട്ടും മധുകലശ'വും തന്നോളാം. പൈങ്കുറ്റി നേദിക്കാം എന്റെ തുണയെ തിരിച്ചുനൽകണേ ഇടറിയ കണ്ഠത്തോടെ അവൾ പറഞ്ഞു തീർക്കും മുമ്പ് ബോധരഹിതയായി താഴെവീണു.

അടിയാത്തിയുടെ മുത്തപ്പാ........എന്നസംബോധന ഭഗവാനെ സന്തോഷവാനാക്കി. അയ്യങ്കരമനയിൽ നിന്നിറങ്ങിയതിൽ പിന്നെ തന്നെയാരും മുത്തപ്പായെന്ന് വിളിച്ചിട്ടില്ലാ. ചില നിയോഗങ്ങൾക്ക് നിമിത്തമാവുന്നത് അനുഭവങ്ങളാണല്ലോ.

മുത്തപ്പൻ പനമുകളിൽ നിന്നിറങ്ങി. മുത്തപ്പൻ തന്റെ സ്വതസിദ്ധമായ ഘനഗംഭീരമായ അട്ടഹാസം മുഴക്കി. ക്രമേണ അട്ടഹാസത്തിന്റെ ധ്വനി നേർത്തുവന്നു. അടിയാത്തിയുടെ അകൈതവമായ ഭക്തിയിൽ സംപ്രീതനായ 'മുക്തേശ്വരൻ മുത്തപ്പൻ'ചന്തന് നേരെ ഒരു നോട്ടം പായിച്ചു. ഒരു മിന്നൽപ്പിണർ ചന്തന് നേരെ പതിഞ്ഞു. ഗാഢനിദ്രയിൽ നിന്നെന്നപോലെ ഞെട്ടിയുണർന്ന ചന്തൻ പൂർവ്വസ്ഥിതിയിലായി. ചന്തൻ തൊഴുകൈയോടെ ഭക്ത്യാദരപൂർവ്വം മുത്തപ്പന്റെ മുന്നിൽ വിനയാമ്പിതനായി നിന്നു. മാപ്പപേക്ഷിച്ച് സാഷ്ടാംഗപ്രണാമംചെയ്തു.

മുക്തിദായകനായ മുത്തപ്പൻ തന്റെ സ്വതസിദ്ധമായ മൃദുലമധുരാട്ടഹാസംമുഴക്കി. ചന്തനെ അനുഗ്രഹിച്ചു.

അടിയാത്തിക്ക് ബോധം തെളിഞ്ഞു. ഭഗവത് ദർശനം അവർ ലഭിച്ച ആ പനയുടെ ചുവട്ടിൽ നമസ്ക്കരിച്ചു. പനമുകളിൽ നിന്ന് കള്ളെടുത്ത ആ ഭക്തശിരോമണി -- ചന്തൻ -- "മേൽക്കുംഭം കീഴ്ക്കുംഭ" മായി നിവേദ്യം നൽകി. അങ്ങനെ മുത്തപ്പന്റെ പ്രഥമഭക്തരായിത്തീർന്നു. അടിയാത്തി വിളിച്ച മുത്തപ്പൻ എന്നപേര് പ്രസിദ്ധമായി. അവർ സമർപ്പിച്ച നിവേദ്യങ്ങൾ മുത്തപ്പന്റെ നിവേദ്യങ്ങളായി. ശ്രീ മുത്തപ്പൻ തന്റെ സർവൈശ്വര്യങ്ങളോടെ സമസ്ത ശക്തിചൈതന്യങ്ങളോടെയും കുന്നത്തൂർമലയിൽ നിലകൊള്ളുന്നു.

കുന്നത്തൂർ പാടിയിൽ നിന്നും ഭഗവാൻ 'മലനാട് കൊള്ള' യ്ക്കായി പുറപ്പെട്ടു. പാടിക്കുറ്റിയമ്മയോട് പറഞ്ഞ വാക്കു പാലിക്കുകയെന്ന പുത്രധർമ്മം നിറവേറ്റുകയാണ് ലക്ഷ്യം. മലനാട്ടിൽ ദുരിതയാതനകൾ അനുഭവിക്കുന്ന അടിയാളരെ സംരക്ഷിക്കുന്നതിനും അവരെ കഷ്ടതയിലാഴ്ത്തുകയും ദ്രോഹിക്കുകയും ചെയ്യുന്നവരെ അമർച്ചചെയ്യുന്നതിനും പാഠം പഠിപ്പിക്കുന്നതിനും ദേശാന്തരങ്ങളിൽ ആധിപത്യം ഉറപ്പിക്കുന്നതിനും വേണ്ടിയുള്ള ദിഗ്വിജയയാത്രതന്നെയാണ് ഭഗവാന്റെ 'മലനാട് കൊള്ള'. ദേശാടനവേളയിൽ വിശ്രമിക്കുകയും ഉപചാരങ്ങൾ സ്വീകരിക്കുകയും ദർശനം നൽകുകയും

അനുഗ്രഹവർഷം ചൊരിയുകയും തിരുനൃത്തമാടുകയും ചെയ്ത സ്ഥാനങ്ങൾ, മലകൾ, കോട്ടകൾ, കളപ്പുരകൾ തുടങ്ങിയ കേന്ദ്രങ്ങളിലെല്ലാം മുത്തപ്പന്റെ സാന്നിദ്ധ്യം കുടിയിരിക്കുന്നു.

മുത്തപ്പൻ സങ്കേതങ്ങൾ കണ്ടെത്തുകയും പിടിച്ചടക്കുകയും ചെയ്ത പ്രധാന പ്രദേശങ്ങളും കോട്ടകളും ഏതെല്ലാമെന്ന് കളിക്കപ്പാട്ടിൽ സൂചിപ്പിക്കുന്നുണ്ട്.

"അവിടുന്നും മെല്ലൊന്ന് അടി വരുത്തി
മാണിപ്പറമ്പേറ്റം കണ്ടു ദൈവം
ഓണപ്പറമ്പേറ്റം കണ്ടു ദൈവം
പുന്നാട്ടിടം പാണ്ടിശാല കണ്ടു ദൈവം
മുരിങ്ങോടി മലഭാരതം കണ്ടുദൈവം
വെല്ലത്തൂരാകും പൊടിക്കളവും
ആമ്പിലാട്ടാകുന്ന മുറ്റം കണ്ടു
പടന്നോട്ട് മാടവും കണ്ടൂ ദൈവം
മുഴക്കുന്നു പെരുന്തളി കണ്ടൂ ദൈവം
മയിലാടും പാറയും കണ്ടു ദൈവം
കൊട്ടനാടിയേറ്റവും കണ്ടുദൈവം
കൂവക്കരയാലെ നീരുമാടി
ആയിരക്കൊമ്പൻ കോളിയും കണ്ടു ദൈവം
ഏഴുമല പുരളിമല കണ്ടു ദൈവം
പുരളിമല ചിത്തിര പീഠം കണ്ടു
പുരളിമല ചിത്തിര പീഠത്തിൻമേൽ
പൊൻപട്ടം കെട്ടീറ്റും വാണുദൈവം
പൊൻമുടി ചൂടീറ്റും വാണു ദൈവം
നാട്ടിൽ പ്രഭുവായുംവാണുദൈവം" (കളിക്കപ്പാട്ടിലെ ഭാഗം)

കോട്ടയം സ്വരൂപത്തിന്റെയും ചുഴലി സ്വരൂപത്തിന്റെയും അധീന പ്രദേശങ്ങളിലൂടെയായിരുന്നു ഭഗവാന്റെ ജൈത്രയാത്ര. ഹരിശ്ചന്ദ്രപ്പെരുമാളെ കീഴടക്കി പുരളിമല ചിത്രപീഠം പിടിച്ചടക്കിയതാണ്, പ്രധാന ദ്വിഗ്വിജയം. പുരളി മലയിൽ വെച്ച് ശിവാംശമായ 'വെള്ളാട്ടമെന്നറിയപ്പെടുന്ന മുത്തപ്പനുമായി കണ്ടുമുട്ടി. പിന്നീട് അവരൊന്നിച്ചു ചേർന്ന് ദേശഗമനങ്ങൾ നടത്തി കുന്നത്തൂർ പാടിയിൽ തിരിച്ചെത്തി. പിന്നീട് ശ്രീ പരമേശ്വരൻ സ്വയംഭൂവായി വാണരുളുന്ന ശ്രീ കൊട്ടിയൂർ പിടിച്ചടക്കാനായി പുറപ്പെട്ടുപോയി എന്നാൽ അതു സഫലമായില്ല. പക്ഷേ പിതാവായ പരമശിവൻ ദൈവത്തറയിൽ സ്ഥാനം നൽകി. കൊട്ടിയൂരിൽ നിന്ന് മടങ്ങിവന്നശേഷം വീണ്ടും ദേശാധിപത്യങ്ങൾ നേടിയെടുക്കാൻ മോഹമുണ്ടായി. പാടിയിൽ നിന്നുകൊണ്ട് തെക്കുപടിഞ്ഞാറ് ദിശയിലേക്ക് ഒരു അമ്പെയ്തു. അത് ചെന്ന് പതിച്ചത് വളപട്ടണം പുഴയുടെ വടക്കേക്കരയിലുള്ള പറച്ചീനിക്കാട്ടിലാണ്. പിന്നീട് ആ പ്രദേശത്ത് മുത്തപ്പദേവന്റെ സാന്നിധ്യം ദർശിക്കുന്നതിന് നിമിത്തങ്ങളുണ്ടാവുകയും നിത്യപൈങ്കുറ്റിയും വെള്ളാട്ടവും തിരുവപ്പനയും കഴിക്കുകയും കാലക്രമത്തിൽ മടപ്പുരയായിത്തീരുകയും ചെയ്തു.

പണ്ടുകാലത്ത് വളപട്ടണം പുഴയുടെ വടക്കേക്കരയിൽ ഒരു വലിയ പറച്ചീനിക്കാടുണ്ടായിരുന്നു. ഈ പറച്ചീനിക്കാടിനടുത്തുള്ള വളപട്ടണം പുഴയുടെ കടവിന് പറച്ചീനിക്കടക്കടവ് എന്നായിരുന്നു പഴമക്കാർ പറഞ്ഞിരുന്നത്. കാലാന്തരത്തിൽ 'പറച്ചീനിക്കടവ്' പറശ്ശിനിക്കടവ് എന്നായി രൂപാന്തരപ്പെട്ടു. ഇവിടുത്തെ മടപ്പുര 'പറശ്ശിനിക്കടവ് മടപ്പുര' എന്ന് പ്രസിദ്ധമാവുകയും ചെയ്തു.

**കുന്നത്തൂർപാടി ശ്രീമുത്തപ്പന്റെ ആരൂഢം**

ശ്രീ മുത്തപ്പന്റെ ആരാധനാസ്ഥാനങ്ങളിൽ പരമപവിത്രവും പ്രധാനപ്പെട്ടതും ഒന്നാമത്തേതുമാണ് ചന്തന് ദിവ്യദർശനം നൽകി അനുഗൃഹീതമായ കുന്നത്തൂർപാടി. മുത്തപ്പനേറ്റവും ഇഷ്ടപ്പെട്ട വിഹാരകേന്ദ്രമായിരുന്നു കുന്നത്തൂർമല. തന്റെ മാതാവ് മലനാട് വാസത്തിന് നിർദ്ദേശിച്ച സ്ഥലമെന്നുള്ളതുകൊണ്ടും മുത്തപ്പൻ വിശിഷ്ട സ്ഥാനമായി കാണുന്നതും കുന്നത്തൂർ പാടിയെയാണ്.

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പയ്യാവൂർ വില്ലേജിൽ കുന്നത്തൂർ ദേശത്താണ് ശ്രീമുത്തപ്പൻ മുക്തേശ്വരനായി കുടികൊള്ളുന്ന ആരൂഢസ്ഥാനം. ചിട്ടയായ ആരാധനാക്രമങ്ങളും ആചാരാനുഷ്ഠാനങ്ങളും പരിപാലിച്ചുപോരുന്ന മുത്തപ്പന്റെ സന്നിധാനമാണ് കുന്നത്തൂർപാടി.

സഹ്യപർവ്വതനിരകളിലൊന്നായ ഉടുംബമലക്ക് മുകളിലുള്ള ഹരിതാഭമായ ഈ കുന്നിൻ പ്രദേശം സമുദ്രനിരപ്പിൽ നിന്നും ഏകദേശം 3,000 അടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. ശ്രീമുത്തപ്പന്റെ ദിവ്യലീലകൾ കൊണ്ട് ധന്യമായ ഈ സ്ഥലം 'കൈലാസ' മാണെന്ന് തോറ്റം പാട്ടിൽ പറയുന്നു.

കുന്നത്തൂരിൽ താഴെ പൊടിക്കളത്തിന് സമീപത്തുനിന്നു തന്നെ ആരൂഢസ്ഥാനമായ വനപ്രദേശം തുടങ്ങുകയായി. മലയടിവാരത്തുനിന്നും ആരംഭിക്കുന്ന കൽപടവുകൾ ചവുട്ടിക്കയറി കുറച്ചുനടന്നാൽ 'കലശസ്ഥാനം' എന്നുപറയുന്ന കൽക്കെട്ടു കാണാം. ഇവിടെ നിന്നും 'പാടി' ആരംഭിക്കുന്നു. കാനനമധ്യത്തിൽ തുറസ്സായ തട്ടൊത്ത സ്ഥലം. അവിടെ ഒരു ഗുഹ. ഗുഹക്കകത്ത് ആരൂഢസ്ഥാനമായ ശില. ഗുഹയ്ക്ക് പടിഞ്ഞാറുഭാഗത്ത് ഒരു കല്ലും ഒരു ശിലാപീഠവും ഉണ്ട്. ഒരു ഉയർന്ന മൺതട്ടും (താഴെത്തെ പീഠക്കല്ല്) ഗുഹയുടെ ഇരുഭാഗത്തുമായി ഓരോ ചുണ്ടപ്പനകളും കാവൽനിൽക്കുന്നു. ഗുഹയോട് ചേർന്ന് ഉത്സവകാലത്ത് താല്ക്കാലികമായി പനയോലകൾകൊണ്ട കെട്ടിയുണ്ടാക്കുന്ന 'പതി'. ഇതാണ് ശ്രീ മുത്തപ്പന്റെ ശ്രീകോവിൽ. മുത്തപ്പന്റെ വാചാലിൽ പറയുന്നതുനോക്കൂ "കാപ്പില്ല, കഴകമില്ല, മാടമില്ല, കൂടമില്ലാ"! ചെമ്പടിച്ച മേൽക്കൂരയോ സ്വർണ്ണത്താഴികക്കുടങ്ങളോ ചുറ്റമ്പലമോ പടിപ്പുരയോ അഗ്രശാലയോ ഒന്നുമില്ലാത്ത സന്നിധാനം.

പ്രകൃതിയുടെ വരദാനമായ കാനനച്ഛായയിൽ അവതാരകാലത്ത് ഭഗവാൻ കണ്ടെത്തിയ സ്വച്ഛന്ദസുന്ദരമായ തപോവനം. അതെ അതാണ് ശ്രീ കുന്നത്തൂർപാടി ദേവസ്ഥാനം. അളവറ്റ അഴലിൽ ഉഴലുന്ന ഭക്തജനസഹസ്രങ്ങൾക്ക് അനുഗ്രഹവർഷം ചൊരിഞ്ഞ് ദുഃഖമകറ്റാനായി മുത്തപ്പൻ കുടിയിരിക്കുന്ന ധന്യമായ ദിവ്യസ്ഥാനം.

പാടിയുടെ വടക്കുഭാഗത്താണ് 'തിരുവൻകടവ്'.തിരുവൻകടവിനുമപ്പുറത്താണ് 'ആദിപാടി'സ്ഥിതി ചെയ്യുന്നത്. ആദിപാടിയുടെ ശിലാവശിഷ്ടങ്ങൾ ഇവിടെ കാണാവുന്നതാണ്. ഇവിടെ മനുഷ്യരുടെ പ്രവേശനം പാടില്ലെന്നാണ് ദൈവകൽപന. തൊട്ടടുത്താണ് തീർത്ഥജലസ്ഥാനം സ്ഥിതി ചെയ്യുന്നത്. ഇവിടെ നിന്നാണ് അടിയന്തിരാദികർമ്മങ്ങൾക്കാവശ്യമായ വെള്ളം പാടിയിലേക്കെടുക്കുന്നത്.

ദൈവം പ്രത്യക്ഷപ്പെട്ടതും ചന്തനെ ശിലയാക്കിയതും മോക്ഷം നൽകിയതും ഈ സ്ഥലത്തു വെച്ചാണ്. ഈ സ്ഥാനത്ത് പൂജാദികർമ്മങ്ങൾ ചെയ്യാൻ മനുഷ്യന് തപശക്തിയില്ലാത്തതിനാൽ തെക്കുഭാഗത്ത് ഒരു പാടിയുണ്ടാക്കി ആരാധനനടത്താൻ മുത്തപ്പൻതന്നെ നിർദ്ദേശിച്ചതനുസരിച്ചാണ് ഇന്നത്തെ ആരാധനാസ്ഥാനമായ പാടി ഉണ്ടായത്.

കുന്നത്തൂർ പാടിയിൽ തന്റെ കാര്യങ്ങൾ നോക്കി നടത്തുന്നിന് വേണ്ടി തന്റെ ആവാസഭൂമിക്ക് ഒരു നാഥനായി അക്കാലത്തെ പ്രതാപശാലികളായ കുന്നുമ്മേൽ എടം വാണവരെയാണ് ഭഗവാൻ കൽപിച്ചു ചുമലപ്പെടുത്തിയത് (സാമന്ത പ്രഭുക്കൻമാരുടെ ഭവനങ്ങൾക്ക് 'എടം' എന്നു പറയുന്നു.) പാടിയിലെ എല്ലാവിധ ചടങ്ങുകളെയും സംബന്ധിച്ചുള്ള കാര്യങ്ങൾ ഭഗവാൻ തന്നെയാണ് വാണവരേയും ചന്തനേയും ദർശനരൂപേണ ധരിപ്പിച്ചത്. അതുപ്രകാരമാണ് പാടിയിൽ മുത്തപ്പനെ കെട്ടിയാടിക്കുന്നതും തിരുവപ്പന മഹോത്സവം തുടങ്ങിയ എല്ലാവിധ അടിയന്തിര കർമ്മങ്ങളും നടക്കുന്നത്. വാണവരുടെ നിയന്ത്രണത്തിലാണ് പാടിയിൽ കാര്യങ്ങൾ നടക്കുന്നതെങ്കിലും തന്നേക്കാൾ മാന്യതയും പേരും പെരുമയും അടിയാനായ ചന്തനാണെന്ന തോന്നൽ വാണവരിൽ അസൂയയും വിദ്വേഷവും വളർത്തി. വിദ്വേഷം ക്രമേണ പകയായി മാറി. ചന്തനെ ചതിച്ചു കൊല്ലാൻ വാണവർ തീരുമാനിച്ചു. വാണവരുടെ ആതിഥ്യംസ്വീകരിക്കാനെത്തിയ ചന്തന് കള്ളിൽ മൂർഖൻ പാമ്പിന്റെ നെയ്യ്(വിഷം)നൽകി. വിഷഭയമേൽക്കാതെ ചന്തൻ രക്ഷപ്പെട്ടോടി. വാഴുന്നവരുടെ നിർദ്ദേശപ്രകാരം പിന്തുടർന്ന ആജ്ഞാനുവർത്തിയായ 'കുഴിപ്പള്ളി കരുമന' എന്നയാൾ കുത്തിക്കൊന്നു.

തന്റെ ഭക്തനായ ചന്തനെ കൊലപ്പെടുത്തിയ വിവരം മനക്കണ്ണിൽക്കണ്ട ഭഗവാൻ ഇരുവരേയും കുടുംബങ്ങളേയും ഉന്മൂലനാശം വരുത്തി. വാണവരെ "എണ്ണിയെണ്ണി പതിനാലു സമുദ്രം കടത്തിവിട്ടു.നശിപ്പിച്ചു കളഞ്ഞു" ! എന്നാണ് പറയുന്നത്.

കുന്നുമ്മലെടം മുടിച്ചതിനുശേഷം കുന്നത്തൂർപാടിയുടെ പരിപാലനത്തിനായി ധർമ്മിഷ്ഠനായ കരക്കാട്ടെടം വാണവരെയാണ് മുത്തപ്പന് ബോധിച്ചത്. മുത്തപ്പൻ വാണവർക്ക് ദർശനം നൽകി കാര്യങ്ങൾ ധരിപ്പിച്ചു. "ആറും ഞായറും നല്ല നേരത്ത് കയ്യേ പിടിച്ച് കഴകാചാരം കൊടുത്തു." എന്നാണ് ഉരിയാട്ടിൽ (പട്ടോലയിൽ) പറയുന്നത്. അന്നത്തെ വാഴുന്നവരെ പാടിയിലേക്ക് വരുത്തി 'വാണവർ' സ്ഥാനം നൽകുകയും കങ്കാണിപ്പന്തൽ കയ്യേൽപ്പിക്കുകയും ചെയ്തു. അന്നുമുതൽ കരക്കാട്ടെടം വാണവർ പിന്തുടർച്ചയായി മുത്തപ്പന്റെ കാര്യങ്ങൾ വിശ്വസ്തതയോടെ ചെയ്യുകയും മുത്തപ്പൻ വാണവരെ വാൽസല്യപൂർവ്വം പരിരക്ഷിക്കുകയും ചെയ്തുപോരുന്നു. "അന്ന് തൊട്ടിന്നേവരെ വാണവരെ മുത്തപ്പൻ ചതിച്ചിട്ടില്ല. വാണവര് മുത്തപ്പനെയും ചതിച്ചിട്ടില്ല." എന്ന് മുത്തപ്പൻ ഉരിയാട്ടിൽ പറയുന്നു. തലമുറകളായി അനുവർത്തിച്ചുവരുന്ന ഈ ഭക്തവൽസലഭാവം ഇന്നും തുടർന്നുപോരുന്നു. ചന്തന്റെ പിൻമുറക്കാരും അടിയാൻമാരുമായുള്ള സൗഹൃദബന്ധവും നിലനിന്നുപോരുന്നു. ആഡംബരങ്ങളിൽ താല്പര്യമില്ലെന്നും "മുട്ടോളം കൂർക്കെലയും മൂഴക്ക് ചോലവെള്ളവും നീണ്ടൊരു മലയും ഉരുണ്ടൊരു കല്ലും നാലു വള്ളിക്കെട്ടും രണ്ടു പനമൊരടും" കൊണ്ട് തൃപ്തനാണെന്ന് അന്ന് കൽപിച്ചരുളിയത് ഇന്നും പാടിയിൽ അനുസരിച്ച് പോരുന്നു. ഓലപ്പുരകളും മൺപീഠവും ഓടച്ചൂട്ടും എന്നിങ്ങനെ ലളിതമായ സംവിധാനങ്ങൾ അതേപടി നിലനിർത്തിപോരുന്നു. ഇപ്പോഴത്തെ വാണവർ ശ്രീ.സാമന്തൻ കരക്കാട്ടെടം കുഞ്ഞിരാമൻ വലിയ നായനാരാണ്. അദ്ദേഹത്തിന്റെ ഭരണസാന്നിദ്ധ്യത്തിൽ പാടിയിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ മികച്ച രീതിയിൽ ഒരുക്കുകയും ഉൽസവകാര്യങ്ങളും മറ്റും ചിട്ടയോടും ഭംഗിയായും നടന്നുവരുന്നു. ഉൽസവകാലത്ത് പാടിയിലെത്തുന്ന ഭക്തജനങ്ങൾക്ക് അന്നദാനം ഏർപ്പെടുത്തിയിട്ടുണ്ട്. താഴെ പൊടിക്കളത്തിന്റെ സ്ഥാനത്ത് വിധിപ്രകാരമുള്ള മടപ്പുരയും പണികഴിപ്പിച്ചിട്ടുണ്ട്.

## കുന്നത്തൂർപാടിയിലെ ചടങ്ങുകൾ

ശ്രീകുന്നത്തൂർപാടിയിലെ ദൈനംദിനപൂജാദികർമ്മകളും വിശേഷ അടിയന്തിരങ്ങളും തിരുവപ്പനമഹോൽസവവും സംബന്ധിച്ച അനുഷ്ഠാനചടങ്ങുകൾ ഭക്തജനങ്ങളുടെ അറിവിലേക്കായി ചുരുക്കി പ്രതിപാദിക്കട്ടെ.

ശ്രീമുത്തപ്പൻതന്നെ നിശ്ചയിച്ചുകൽപിച്ച ആരാധനാക്രമങ്ങളാണ് ഇവിടെ അനുഷ്ഠിച്ചുപോരുന്നത്. അവ കാലങ്ങളായി ഇന്നും അതേപടി പിൻതുടർന്നുപോരുന്നു എന്നതാണ് ഇവിടുത്തെ പ്രത്യേകതയും. പാടിയുടെ താഴെയുള്ള മഠത്തിലും പൊടിക്കളത്തിലും നിത്യേന പൈങ്കുറ്റിയും ദീപാരാധനയും നിർബന്ധമാണ് എന്നാൽ കർക്കിടകമാസത്തിൽ മുത്തപ്പൻ പയറ്റിനുപോകുന്ന കാലമായതിനാൽ പൈങ്കുറ്റി നേദിക്കാറില്ല. സന്ധ്യവിളക്ക് പതിവുപോലെ വെച്ചുകാണിക്കും. പാടിയിലെയും പൊടിക്കളത്തിലെയും ചടങ്ങുകളെല്ലാം നിർവ്വഹിക്കുന്നത് വാണവരുടെ നിർദ്ദേശാനുസരണം ചന്തനും കോമരവും അടിയാൻമാരുമാണ്.

**പൈങ്കുറ്റി :-**പൊടിക്കളങ്ങളിലും മടപ്പുരകളിലും കൽപിതസ്ഥാനങ്ങളിലും വെച്ചുനടത്താവുന്ന സാധാരണവും ലളിതവുമായ വഴിപാടാണ് പൈങ്കുറ്റി. പഞ്ചങ്ങൾ (പഞ്ച) എന്നറിയപ്പെടുന്ന വൻപയർ, ചെറുപയർ, തുവര, കടല, ഉഴുന്ന് ഇവയിലൊന്ന് വറുത്ത് വേവിച്ചതും ചുട്ട കോപ്പാടും(ഉണക്ക്സ്രാവ്, മുള്ളൻ, അയല) അവലും തേങ്ങാപൂളും ചേർന്നുള്ള നിവേദ്യം.കള്ളും ഇളനീരും പൈങ്കുറ്റിയുടെ പ്രധാന അംശങ്ങളാണ്. മുത്തപ്പൻ പ്രഥമ നിവേദ്യമായി കരുതുന്നത് പൈങ്കുറ്റിയെയാണ്. ചന്തനും കല്ലായ്ക്കൊടി അടിയാത്തിയും മുളംകുറ്റിയിൽ കള്ളും പയർ വേവിച്ചതുമാണ് ഭഗവാന് നൽകിയത്. അത് ഇന്നും നിവേദ്യമായി നിലനിൽക്കുന്നു. പഴയമുളംകുറ്റിയിൽ --പഴങ്കുറ്റിയിൽ -- പനങ്കള്ള് പകർന്ന് വെച്ച നിവേദ്യം കാലക്രമത്തിൽ പയങ്കുറ്റി പൈങ്കുറ്റി എന്നപേരിൽ അറിയപ്പെട്ടു.

**സംക്രമവെള്ളാട്ടം:** - നിത്യനിവേദ്യപൂജകൾ കഴിഞ്ഞാൽ പ്രാധാന്യമുള്ള അടിയന്തിരമാണ് സംക്രമവെള്ളാട്ടം. കർക്കിടകത്തിൽ മുത്തപ്പൻ പയറ്റിന് പോകുന്ന കാലമായതിനാൽ പാടിയിലില്ലാത്തതിനാലും (ഈ കാലത്ത് കുറിച്യർ പുരളിമലയിൽ പാടിയിലേക്ക് ദർശനം കിട്ടുന്ന വിധത്തിൽ ദീപം വെച്ചുകാട്ടുന്ന പതിവുണ്ട്.)കന്നിയിൽ പുത്തരിവെള്ളാട്ടം നടക്കുന്നതിനാലും തുലാമാസത്തിലും വൃശ്ചികത്തിൽ കളത്തിൽതിറ (അന്തിത്തിറ) ഉള്ളതിനാലും ധനുസംക്രമത്തോടെ തിരുവുത്സവചടങ്ങുകൾ തുടങ്ങുന്നതിനാലും സംക്രമവെള്ളാട്ടങ്ങൾ കഴിക്കാറില്ല. ബാക്കിയുള്ള മാസങ്ങളിൽ കാലത്താൽ സംക്രമവെള്ളാട്ടങ്ങൾ കെട്ടിയാടും.

സംക്രമവെള്ളാട്ടത്തിന് ഒരുക്കങ്ങൾ തലേന്നാൾതന്നെ ആരംഭിക്കും വാണവർ നേരത്തെതന്നെ പാടിയിലെത്തും. സംക്രമവെള്ളാട്ടത്തിനുള്ള ഊട്ടിന് (നിവേദ്യം) നെല്ലളവ് തലേദിവസമാണ്.

ഊട്ടിന് മൂന്ന് 'കൊങ്ങായി' (മലബാറിലെ ഒരു പഴയ അളവ്-രണ്ടരനാഴി ഒരു കൊങ്ങായി എന്നാണ് കണക്ക്) കോമരത്തിന് രണ്ട്, ചന്തന് രണ്ട്, അഞ്ചില്ലക്കാരായ അടിയാൻമാർക്ക് രണ്ടുകൊങ്ങായി വീതം ചാന്ത് അരയ്ക്കാൻ രണ്ട്, ഉണക്കലരിക്കും അവലിനും എട്ടുകൊങ്ങായി എന്നിങ്ങനെയാണ് കണക്ക്. തുടർന്ന് (പൈങ്കുറ്റിക്കാവശ്യമായ പഞ്ചങ്ങളും അളക്കും. കോപ്പാട് തുടങ്ങിയവയും നേരത്തെതന്നെ ഒരുക്കിവെയ്ക്കും.)

സംക്രമദിവസങ്ങളിൽ മിക്കവാറും രാവിലെ പത്തുമണിമുതൽ ഒരുമണിവരെയുള്ള സമയത്താണ് വെള്ളാട്ടം നടക്കുന്നത്. സംക്രമത്തിന് ശബരിമലയിൽ അയ്യപ്പഭക്തൻമാർ ദർശനം നടത്തുന്നതുപോലെ മുത്തപ്പവിശ്വാസികൾ സംക്രമവെള്ളാട്ടത്തിനും ധാരാളമായി എത്തിച്ചേരുന്നു.

**പുത്തരിവെള്ളാട്ടം :** കന്നിമാസത്തിലെ പുത്തരിവെള്ളാട്ടം വർഷാരംഭത്തിലെ വിശേഷപ്പെട്ട ചടങ്ങാണ്. മുഹൂർത്തം നോക്കി ഓരോ വർഷവും പുത്തരിനാൾ തീരുമാനിക്കുകയാണ് പതിവ്. പുത്തരിനാൾ രാവിലെ കോമരത്തിന്റെ വെള്ളാട്ടം, വൈകുന്നേരം പുത്തരിയൂട്ട്, പിറ്റേന്നു രാവിലെ വാണവരുടെ മറുപുത്തരി എന്നിങ്ങനെയാണ് ചടങ്ങുകൾ.

പുത്തരിയൂട്ടിനായി വാണവരുടെ അധീനതയിലുള്ള വയലിലെ നെല്ല് കൊയ്ത് പച്ചയ്ക്ക് ഉണക്കും. നിശ്ചിതഅളവ് നെല്ല് അടിയാത്തികൾ വ്രതശുദ്ധിയോടെ വറുത്തിടിച്ച് അവലും കുത്തിയിട്ട് ഉണക്കലരിയും അരിയും ഉണ്ടാക്കും. 'പുത്തരി'കൊണ്ട് പൈങ്കുറ്റിയും മുതിർച്ചയും വെച്ചശേഷമാണ് വെള്ളാട്ടം ആരംഭിക്കുക. വെള്ളാട്ടശേഷം ദർശനത്തിനെത്തിയ ഭക്തജനങ്ങൾക്ക് പുത്തരിച്ചോറ് നൽകുന്നു. പുത്തരി വെള്ളാട്ട ദിവസമാണ് പാരമ്പര്യാവകാശിയായ കൊല്ലൻ, (തിരുവായുധം എന്ന ആചാരപ്പേര്) ഇരുമ്പിന്റെ കുത്തുവിളക്ക് സമർപ്പിക്കുന്നത്. ദൈവത്തിന്റെ തിരുവായുധങ്ങൾ കടഞ്ഞ് മിനുക്കുന്നതും ഈ ദിവസമാണ്. കടഞ്ഞെടുത്ത ആയുധങ്ങൾ തേങ്ങയുടച്ച് വെള്ളമെടുത്ത് കലശമാടി ശുദ്ധിവരുത്തും. പാരമ്പര്യമായി പയ്യാവൂർ കൊല്ലൻമാരിലാണ് ഈ അവകാശം നിക്ഷിപ്തമായിരിക്കുന്നത്. കാലങ്ങളായി ചെയ്തുപോരുന്ന ഈ കർമ്മത്തിന് നിശ്ചയപ്രകാരമുള്ള കയ്യിട്ടവും(കൈനീട്ടം-വെറ്റിലടക്ക) നെല്ലും തേങ്ങയും അവകാശപ്പണവും നൽകും.

പാടിയിലെ പുത്തരിയൂട്ട് കഴിയാതെ മറ്റു മടപ്പുരകളിലും സ്ഥാനങ്ങളിലും പുത്തരി നടത്താൻ പാടില്ല.

## കളത്തിൽതിറ(അന്തിത്തിറ)

കുന്നത്തൂർമലയിലെ കുടിയാൻമാരായ അടിയാൻമാർ പുനംകൃഷി നടത്തുന്നവരായിരുന്നു. പുനംകൃഷിചെയ്യുന്ന ഭൂമിയോടനുബന്ധിച്ച് കളവും കളപ്പുരയും ജൻമിമാരുടെ കീഴിലുണ്ടാവും. ഇത്തരം

കളങ്ങളോടടുപ്പിച്ചാണ് അടിയാൻമാർ പുര കെട്ടി താമസിച്ചിരുന്നത് പുനംകൃഷിക്കായി മാറിമാറിസ്ഥലംകണ്ടെത്തുന്ന പതിവും ഉണ്ടായിരുന്നു. പാടിയിൽ ഇന്നുകാണുന്ന പൊടിക്കളവും മഠവും നിലവിൽവരുന്നതിനുമുമ്പ് നിത്യപൈങ്കുറ്റിയും സംക്രമവെള്ളാട്ടവും പുത്തരിയും കോമരം അന്നന്ന് താമസിക്കുന്ന പുരയിൽവെച്ചാണ് നടത്തിയിരുന്നത്. വാണവരുടെ പുത്തരിയും കളത്തിൽത്തിറയും പുനംകൃഷിസ്ഥലത്തുള്ള കളപ്പുരയിൽവെച്ചും നിർവ്വഹിച്ചുപോരുന്നു. അടിയാളരുടെയും കർഷകരുടെയും രക്ഷകനും കൃഷികളുടെയും കളപ്പുരകളുടെയും കാവലാളായ മുത്തപ്പനെ കളങ്ങളിൽവെച്ച് കെട്ടിയാടുന്ന സന്ദർഭങ്ങളിൽ 'കളത്തിൽത്തിറ' എന്ന് വിളിച്ചുവരുന്നു. (ചാമ, നെല്ല്, മുത്താറി, ചോളം എന്നിവ കൊയ്തുകൊണ്ടുവന്ന് കളത്തിൽ ഇട്ടതിന് ശേഷം കളത്തിൽവെച്ചുതന്നെ തിറ കെട്ടിയാടിക്കുന്ന പതിവാണ് ഉണ്ടായിരുന്നത്. പുനം കൃഷി ഇല്ലാതായതോടെ കളത്തിൽത്തിറ താഴെ പൊടിക്കളത്തിലേക്ക് മാറ്റുകയാണ് ചെയ്തത്.) രാത്രിയിലാണ് ഈ തിരുരൂപം കെട്ടിയാടുന്നത്. ആയതിനാൽ 'അന്തിത്തിറ' എന്നും പറയുന്നു. പൊടിക്കളങ്ങളിൽ കെട്ടിയാടുന്ന ഒരു കോലമാണിത്. തിരുവപ്പന കെട്ടിയാടുന്ന സ്ഥാനങ്ങളിൽ അന്തിത്തിറ കെട്ടുന്ന പതിവില്ല.

കുന്നത്തൂർപാടിയിൽ താഴെ പൊടിക്കളത്തിൽവെച്ച് വൃശ്ചികമാസം രണ്ടാംതീയതിയാണ് കളത്തിൽത്തിറ നടക്കുന്നത്. അന്തിത്തിറയും വെള്ളാട്ടവും കെട്ടിയാടുന്നു. പാടിയിൽ അന്തിത്തിറയ്ക്ക് പ്രത്യേക കോലമില്ല. രാത്രിയിൽ നടക്കുന്ന വെള്ളാട്ടമാണ് ഇവിടെ അന്തിത്തിറ. അന്തിത്തിറ കഴിഞ്ഞാൽ മൂലംപെറ്റ ഭഗവതിയും പുലർച്ചെ സാധാരണപോലെ ഒരു വെള്ളാട്ടവും നടക്കും.

കളത്തിൽത്തിറ ദർശിക്കാൻ വിദൂരദേശങ്ങളിൽനിന്നുപോലും ഭക്തജനങ്ങൾ ഈ ദിവസം പാടിയിലെത്തും.

## തിരുവുത്സവം അഥവാ തിരുവപ്പന മഹോത്സവം

ശ്രീകുന്നത്തൂർപാടി ദേവസ്ഥാനത്തെ ഏറ്റവും മഹനീയവും പ്രാധാന്യമേറിയതുമായ ആരാധനാമഹോത്സവമാണ് തിരുവപ്പനമഹോത്സവം. ആണ്ടുതോറും ഒരുമാസം നീണ്ടുനിൽക്കുന്ന മഹോത്സവം ധനു രണ്ടാം തീയതി ആരംഭിച്ച് മകരം രണ്ടിന് (ഡിസംബർ മാസം മധ്യം മുതൽ ജനുവരി മധ്യം വരെ)അവസാനിക്കുന്നു.

ഉത്സവത്തിനുള്ള ഒരുക്കങ്ങളെല്ലാം വൃശ്ചികമാസം 24ന് തന്നെ ആരംഭിക്കും ഈ ദിവസം പൊടിക്കളത്തിൽ വിശേഷപൈങ്കുറ്റിയും വല്ലി അളവും നടക്കും. അന്നുതന്നെ അഞ്ഞൂറ്റാനുള്ള അടയാളപ്പണം വാണവർ ചന്തനെ ഏൽപിക്കും. അന്ന് അവിടെ കൂടിയ അടിയാൻമാർക്ക് പാടിയിൽ പണിക്കുള്ള കൂലിയായി നെല്ല് അളന്നുകൊടുക്കും.

**പാടിയിൽ പണി :-** വൃശ്ചികം 24 മുതൽ 30 -ാം തീയതിവരെയുള്ള ഒരാഴ്ചക്കാലം കൊണ്ട് പാടിയിൽപണി പൂർത്തിയാക്കും. പൊടിക്കളം മുതൽ പാടിവരെയുള്ള വഴി വൃത്തിയാക്കുകയാണ് ആദ്യ പ്രവർത്തനങ്ങൾ. അതിനുശേഷം പാടിയിൽ കാടുതെളിക്കുകയും ശ്രീകോവിലിന്റെയും അനുബന്ധ ആലയ (അണിയറ, കങ്കാണിയറ, ചന്തന്റെയും കോമരത്തിന്റെയും കയ്യാലകൾ)ങ്ങളുടെയും നിർമ്മാണം നടത്തുന്നു. കാട്ടുകൊമ്പുകളും ഞെട്ടിയോലയും കൊണ്ട് ഗുഹാമുഖത്തുണ്ടാക്കുന്ന മഠപ്പുരയ്ക്ക് ശ്രീകോവിലിന്റെ സ്ഥാനമാണ് കൽപ്പിക്കുന്നത്. വഴിപ്പണിക്ക് ഇരുമ്പ്കൊണ്ടുള്ള ആയുധങ്ങൾ ഉപയോഗിക്കാം. എന്നാൽ പാടിയിൽ മൂർച്ചയേറിയ ആയുധങ്ങൾ ഒരു കാരണവശാലും ഉപയോഗിക്കാറില്ല. പകരം മുളങ്കമ്പിന്റെ അറ്റം കൂർപ്പിച്ചുകൊണ്ട് മാത്രമേ പരിപാവനമായ തിരുമുറ്റവും മഠപ്പുരയും ശുചീകരിക്കുവാനും മറ്റു പണികൾ ചെയ്യുവാനും പാടുള്ളൂ. അടിയാൻമാർ മാത്രമേ പാടിയിൽ പണിയിൽ പങ്കെടുക്കാൻ പാടുള്ളൂ. തലയടിയാനാണ് പണിയുടെ മേൽനോട്ടം വഹിക്കുക. ഇന്നും ചിട്ടയോടെതന്നെയാണ് പാടിയിൽ പണി നിർവ്വഹിക്കുന്നത്.

ഈ ദിവസം തന്നെ വാണവർ നൽകിയ അടയാളപ്പണവും കൊണ്ട് അഞ്ഞൂറ്റാനെ കൂട്ടിക്കൊണ്ടുവരാൻ രണ്ട് അടിയാൻമാരെ നിയോഗിക്കും. ഇവർ കാൽനടയായാണ് സഞ്ചരിക്കുക. വാണവർ വഴിച്ചെലവ് നൽകും. ധനു ഒന്നാം തീയതി അഞ്ഞൂറ്റാനെയും കൂട്ടി ഇവർ കുന്നത്തൂർപാടിയിലെത്തണം.

**അഞ്ഞൂറ്റാൻ:** — മുത്തപ്പന്റെ കോലധാരികളായ സമുദായം. 'മണത്തണ കല്ലാടി' എന്നാണ് അഞ്ഞൂറ്റാന്റെ സാങ്കേതികനാമം. ഈ സമുദായത്തിന്റെ ഉത്ഭവത്തിനാധാരമായ ഒരൈതിഹ്യമുണ്ട്. മണത്തണക്കാരിയായ ഒരു നായർ സ്ത്രീ പ്രശസ്തമായ പയ്യാവൂർ ഊട്ടിന് തൊഴാൻ വന്നു. ഗർഭിണിയായ അവർ കൂട്ടം തെറ്റി. ബന്ധുക്കൾ തിരിച്ചുപോവുകയും ചെയ്തു. പയ്യാവൂരിലെ ഒരു വീട്ടിൽ അഭയം തേടിയ അവർ താമസിയാതെ ഒരു ആൺകുട്ടിയെ പ്രസവിച്ചു. പയ്യാവൂരപ്പന് അവരോട് അലിവ് തോന്നുകയും അവളുടെ കുഞ്ഞിന് വിശ്വരൂപം കാട്ടിക്കൊടുക്കുവാൻ മുത്തപ്പനോട് ആവശ്യപ്പെടുകയും ചെയ്തു. തിരുരൂപം കാട്ടിക്കൊടുത്ത മുത്തപ്പൻ അത് കെട്ടിയാടാൻ ചുമതലപ്പെടുത്തുകയും ചെയ്തു. തന്റെ പ്രജയായ ഈ കുട്ടിയെ കോട്ടയത്തുതമ്പുരാൻ വിളിച്ചുവരുത്തി വളകൊടുത്ത് ആദരിച്ചു. കരം ഒഴിവായി ഭൂമിയും മറ്റ് അവകാശങ്ങളും നൽകി. ഈ പറമ്പിന് അഞ്ഞൂറ്റാൻ പറമ്പെന്നാണ് പേര്. ഇവർ മരുമക്കത്തായക്കാരാണ്. തെയ്യംകലാകാരൻമാരിൽ ഏറ്റവും ഔന്നത്യമുള്ള കുലമാണ് അഞ്ഞൂറ്റാൻമാരുടേത്.

**ഉത്സവാരംഭം:** ധനു മാസം 2 -ാം തീയതി രാവിലെയുള്ള ശുഭ മുഹൂർത്തത്തിൽ കൊട്ടാരത്തിൽ വെച്ച്

പയ്യാവൂർ എടം വക മഠത്തിൽ തന്ത്രിയുടെ കാർമ്മികത്വത്തിൽ ഉത്സരാംഭചടങ്ങുകൾ തുടങ്ങുന്നു. പുണ്യാഹം, ശുദ്ധി, പശുദാനം, ഗണപതി ഹോമം, ഭഗവതിസേവ എന്നിങ്ങനെയുള്ള പൂജാദികർമ്മ ങ്ങൾ യഥാവിധി നിർവ്വഹിക്കുന്നു. ഉച്ചയോടെ ഈവക കർമ്മങ്ങളവസാനിക്കും. വാണവർ ബ്രാഹ്മണ ശ്രേഷ്ഠൻമാർക്ക് ദക്ഷിണനൽകുകയും പ്രസാദം സ്വീകരിക്കുകയും ചെയ്യുന്നതോടെ താഴെ പൊടിക്ക ളത്തിലും മഠത്തിലും ഉത്സവാരംഭചടങ്ങുകൾ കഴിയുന്നു.

**പാടിയിൽക്കയറൽ :** വൈകുന്നേരമുള്ള ശുഭമുഹൂർത്തത്തിൽ ആചാരവെടിമുഴങ്ങിയാലുടനെ പാടി യിലേക്കുള്ള പുറപ്പാടു തുടങ്ങും. വാണവർ, കുടുപതി, തന്ത്രി, കോമരം, ചന്തൻ, അഞ്ഞൂറ്റാൻമാർ, അടിയാൻമാർ തുടങ്ങിയ അടിയന്തിര നിർവ്വാഹകസംഘവും തിരുവാഭരണം, ഭണ്ഡാരപ്പെട്ടി തുടങ്ങി യവയും ഒക്കെയായി പാടിയിലേക്കുള്ള പ്രവേശനമാണ് പാടിയിൽക്കയറൽ. (വാണവർ രാവിലെതന്നെ കോമരം, ചന്തൻ, അടിയാൻമാർ, അഞ്ഞൂറ്റാൻ, തന്ത്രിമാർ തുടങ്ങിയ അടിയന്തിരക്കാർക്ക് യഥായോഗ്യം വിവിധ ചടങ്ങുകൾക്ക് ധരിക്കേണ്ട പുടവകളും പട്ട്, ഉത്തരീയം, മറ്റു വിശേഷവസ്ത്രങ്ങൾ തുടങ്ങിയ വയും അടിയന്തിരാദികൾക്കുള്ള നെല്ലും അരിയും മറ്റും ഓരോ തരക്കാർക്കും അർഹതപ്പെട്ടരീതിയിൽ നൽകും.)

തന്ത്രിയുടെ അനുവാദവും അനുഗ്രഹവും തേടിയ കോമരം വേഷവിതാനങ്ങൾ അണിയുന്നു. വാണവർ നൽകിയ കറുത്ത വലിയകരയുള്ള പുടവയുടുത്ത് പട്ടുകൊണ്ടു അരയിൽ കെട്ടിയുറപ്പിക്കും. അതിനുമുകളിൽ കച്ചിലയും ചൊറയും കെട്ടും. ആചാരപ്രകാരമുള്ള സ്വർണ്ണപട്ടവും കൈവളകളും ധരിക്കും. നെറ്റിയിലും മാറിലും മഞ്ഞ ചാന്ത് വരക്കും. (അരിയും മഞ്ഞളും കൂട്ടിയരച്ച കുറിക്കൂട്ട്) അതിനുശേഷം വാണവരെ വണങ്ങി പൈങ്കുറ്റി വെയ്ക്കും. നിയോഗം വന്നാലുടൻ തിരുവായുധങ്ങൾ എടുത്തു പാടിയിലേക്ക് പുറപ്പെടും. തിരുവാഭരണങ്ങൾ, ഭണ്ഡാരപ്പെട്ടി, നിവേദ്യപാത്രങ്ങൾ തുട ങ്ങിയ എല്ലാവിധ സന്നാഹങ്ങളും വഹിച്ചുകൊണ്ട് അടിയാൻമാർ കോമരത്തിന് അകമ്പടി സേവിക്കു ന്നു. വിശേഷവാദ്യങ്ങളും കതിനാവെടിയും പാടിയിൽ കയറ്റത്തിന് കൊഴുപ്പേകും. ഇതേ സമയം ചന്തന്റെ പുരയിൽ നിന്നുള്ള ഭണ്ഡാരപ്പെട്ടിയും തിരുവായുധങ്ങളും വഹിച്ചുകൊണ്ടുള്ള യാത്ര തുട ങ്ങിയിരിക്കും. പാടിയിലേക്കുള്ള പടവുകൾക്കടുത്തു വെച്ച് രണ്ടു സംഘങ്ങളും യോജിക്കും. അപ്പോൾ അഞ്ഞൂറ്റാൻ കളിക്കപ്പാട്ട് തുടങ്ങും. ആദ്യം തന്ത്രി പാടിയിൽ പ്രവേശിച്ച് ശുദ്ധി കർമ്മങ്ങൾ നടത്തു കയും തുടർന്ന് കോമരം, ചന്തൻ തുടങ്ങിയവർ പാടിയിൽ പ്രവേശിച്ച് അടിയന്തിരാദി കർമ്മങ്ങൾ നിർവ്വഹിക്കുന്നു.

## മുത്തപ്പന്റെ നാലു രൂപങ്ങൾ

ധനു രണ്ടാം തീയ്യതി പാടിയിൽ മുത്തപ്പന്റെ നാല് അവസ്ഥകളിലുള്ള രൂപങ്ങൾ കെട്ടിയാടു ന്നു. ആരൂഢസ്ഥാനമായ പാടിയിൽ മാത്രമേ ഇങ്ങനെ നാലു മുത്തപ്പൻ ദൈവങ്ങളെ കെട്ടിയാടുക യുള്ളൂ.

### 1. പുതിയ മുത്തപ്പൻ

മുത്തപ്പന്റെ ശിശുവായിരിക്കുന്ന കാലത്തെ സ്വരൂപമാണിത്. താടിയും മീശയും അണിയുകയില്ല. വരവിളിയും പ്രത്യേകമായ മലയിറ ക്കിത്തോറ്റവും ഉണ്ട്. പൈങ്കുറ്റിയും വീത്തും (മദ്യം നിവേദിക്കൽ) പാടി ല്ല. (ബ്രാഹ്മണ്യത്തിന്റെ ചിട്ടകളിൽ ജീവിച്ചിരുന്ന ശൈശവകാലത്തെ സൂചിപ്പിക്കുന്ന കോലമായതിലാണ് ഉണക്ക മത്സ്യം ചേർത്ത പൈങ്കു റ്റിയും വീത്തും നിഷിദ്ധമായി കരുതുന്നത്.) പകരം അവിലും തേങ്ങയും കൊണ്ട് മുതിർച്ചവെക്കുന്നു. അച്ഛന്റെയും അമ്മയുടെയും അടുത്തു കളി ച്ചുനടക്കുന്ന രീതിയിലുള്ളതാണ് പുതിയ മുത്തപ്പന്റെ തോറ്റം. അമ്പും വില്ലുമാണ് തിരുവായുധങ്ങൾ.


**പുതിയ മുത്തപ്പൻ**

### 2. പുറങ്കാലമുത്തപ്പൻ

ബാലസ്വരൂപനായ മുത്തപ്പൻ, താടിയും മീശയുമില്ല വീത്തും പൈങ്കുറ്റിയുമില്ല പകരം മേൽപറഞ്ഞ തരത്തിൽ മുതിർച്ച നിവേദിക്കും ആയുധങ്ങൾ അമ്പും വില്ലും തന്നെ. തോറ്റത്തിലും ഉരിയാട്ടിലുമുള്ള വ്യത്യാസങ്ങളാണ് പുറങ്കാല മുത്തപ്പനെ നാടുവാഴിശ്ശൻ ദൈവത്തിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. നായാട്ടുരൂപത്തിലുള്ള തോറ്റമാണ് പുറ ങ്കാലമുത്തപ്പന്റേത്.

### 3. നാടുവാഴിശ്ശൻ ദൈവം

കൗമാരഭാവത്തിലുള്ള മുത്തപ്പന്റെ രൂപം. തൂക്കുതാടിയും മീശയുമുണ്ട്. അമ്പും വില്ലും ആയുധങ്ങൾ. അയ്യങ്കരയില്ലത്തു നിന്ന് മലനാടുകൊള്ള ക്കായി പുറപ്പെടും മുമ്പുള്ള അവസ്ഥ. അവശരുടെ രക്ഷയ്ക്കായി നാടുവാഴാൻ തുടങ്ങുന്ന കാലത്തെ വിവരിക്കുന്ന തോറ്റമാണ് നാടുവാഴിശ്ശൻ ദൈവത്തിന്റേത്. കുന്നത്തൂർ പാടിയിൽ മാത്രമേ ഈ രൂപം കെട്ടിയാടുക പതിവുള്ളു.



നാടുവാഴിശ്ശൻ ദൈവം

### 4. തിരുവപ്പന

മുത്തപ്പന്റെ പ്രൗഢാവസ്ഥയിലുള്ള രൂപം. ഈ രൂപമാണ്. ഉത്സവകാലത്ത് നിത്യേന കെട്ടിയാടുന്നത്. കറുത്ത തൂക്കുതാടി, മീശ എന്നിവയും പൊയ്ക്കണ്ണും ധരിക്കുന്നു. ചക്രവർത്തി പദമാണ് തിരുവപ്പനക്ക് കൽപ്പിക്കുന്നത് ധനു രണ്ടാം തീയ്യ തി ഒരു അഞ്ഞൂറ്റാൻ കോലത്തുമ്മൽകോലമായി (ഒന്നുകഴിഞ്ഞ് മറ്റൊന്നായി) ഈ നാലുരൂപങ്ങളും കെട്ടിയാടുന്നു.

ശ്രീ മുത്തപ്പൻ ദൈവത്തെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട അടിയന്തിരമാണ് തിരുവപ്പന. മുത്തപ്പൻ ദൈവത്തിന് തിരുവപ്പൻ എന്നുകൂടി പേരുള്ളത് കൊണ്ടാ ണ് ഈ തിരുരൂപത്തെ തിരുവപ്പൻ എന്നു വിളിക്കുന്നത്.



പുറങ്കാലമുത്തപ്പൻ

**തിരുവപ്പനയുടെ ചടങ്ങുകൾ :**

ധനു മൂന്നു മുതലുള്ള ദിവസങ്ങളിൽ സന്ധ്യാനേരത്ത് കോമരം ചന്തൻ ഇവർ ചേർന്ന് മടപ്പുരയ്ക്കൻ ചെന്ന് ആചാരപ്രകാരം തൊഴുതു പ്രാർത്ഥിച്ച് മുമ്പിലുള്ള കല്ലിനടുത്തുവന്ന് ദൈവത്തും മലകഴിക്കും. ഇതാണ് ആദ്യചടങ്ങ്. അതിനുശേഷം വാണവർ കോമരം, ചന്തൻ, ഭഗവതിക്കോമരം, തലയടിയാൻ, കരുമന എന്നിവർക്ക് കയ്യിട്ടം (വെറ്റിലടക്ക) നൽകും. കോമരം കലശ സ്ഥാനത്തു പോയിചുറ്റിക്കെട്ടും ഉത്സവാരംഭദിവസം ചുറ്റിക്കെട്ടുന്നത് താഴെ പൊടിക്കളത്തിൽ നിന്നാണ്. കലശത്തട്ടിൽ നിന്നും കോമരം വന്നു കഴിയുന്നതോടെ കോലം ധരിക്കുന്ന അഞ്ഞൂറ്റാൻ 'വട്ടൊട' (ചുവപ്പ് കരയുള്ള വിശേഷപ്പെട്ടവസ്ത്രം) യുമായി വാണവരുരെ ആചാരപ്രകാരം വണങ്ങിയിട്ട് അകമ്പടിയോടെ മടപ്പുരയ്ക്കു മുമ്പിൽ വന്ന് പ്രാർത്ഥിക്കുന്നു. പ്രാർത്ഥനയ്ക്ക് ശേഷം അണത്തോർത്ത് തലയിൽ കെട്ടിയുറപ്പിച്ച് കങ്കാണിയറയിൽ ചെന്ന് കയ്യിട്ടം വാങ്ങി ആചാരം ചെയ്ത് അണിയറയിലെത്തി പൂർവ്വികരുടെ അനുഗ്രഹം നേടുന്നതിനുള്ള കർമ്മങ്ങൾ ചെയ്യുന്നു.

(ചുവന്ന കരയുള്ള അണപുടവയും ചുവന്ന കരയുള്ള രണ്ട് അണത്തോർത്തും ധനു ഒന്നിനു തന്നെ വാണവർ അഞ്ഞൂറ്റാൻ അടിയാൻമാർ വശം കൊടുത്തയക്കും).

അഞ്ഞൂറ്റാൻ കോലം ധരിക്കുന്നതിന്റെ ആദ്യപടിയായി ചെയ്യുന്ന ഈ ചടങ്ങിന് 'വെള്ളക്കെട്ട്' എന്നാണ് അവരുടെ സാങ്കേതികനാമം.

### മലയിറക്കൽ :

വെള്ളക്കെട്ടലും അണിയറയിലെ കർമ്മങ്ങളും കഴിഞ്ഞാൽ അഞ്ഞൂറ്റാൻ കാണിയും ചോപ്പും കച്ചിലയും ചുറ്റിക്കെട്ടി ദൈവത്തും മലക്കല്ലിന്റെ മുമ്പിൽ വെള്ളോട്ടു കുത്തുവിളക്കു കുത്തിനിർത്തും വാദ്യമേളങ്ങളുടെ അകമ്പടിയോടെ പ്രദക്ഷിണം വെച്ചശേഷം വിശേഷപ്പെട്ട ഒരു പ്രാർത്ഥനാമന്ത്രം ചൊല്ലുന്നു. മുത്തപ്പന്റെ പുരളിമലയിൽനിന്നും പാടിയിലേക്ക് വിളിച്ചുവരുത്തുന്ന കർമ്മമാണിത്. ഈ കർമ്മത്തിന്ന് 'മലയിറക്കൽ' എന്നു പറയുന്നു.

കുന്നത്തൂർ പാടിയിൽ മുത്തപ്പനെ മലയിറക്കുന്നത് പുരളി മലയിൽ നിന്നാണെങ്കിൽ പുരളിമലയിൽ മലയിറക്കുന്നത് കുന്നത്തൂർ പാടിയിൽ നിന്നാണ്. എന്നാൽ മറ്റു മടപ്പുരകളിലും സ്ഥാനങ്ങളിലും പൊടിക്കളങ്ങളിലും മലയിറക്കുന്നത് കുന്നത്തൂർ പാടിയിൽ നിന്നാണ്. മുത്തപ്പന്റെ സാന്നിധ്യം കർമ്മാനുഷ്ഠാനുകേന്ദ്രങ്ങളിലേക്ക് ആവാഹിക്കുന്നതാണ് ഈ ചടങ്ങ്.

മലയിറക്കൽ ചടങ്ങിനു ശേഷം മുഖത്തെഴുത്തു തുടങ്ങും. 'തിരുവൊപ്പിക്കുക' യെന്നാണ് ആചാരഭാഷ. മുഖത്തെഴുത്തു പകുതിയാകുന്ന അവസരത്തിൽ 'സന്ധ്യാവേല' യാരംഭിക്കും. കോമരം മടപ്പുരയുടെ നടയിലെത്തി ചുരികയിളക്കിക്കൊണ്ട് ഉറഞ്ഞുതുള്ളും. വാദ്യഘോഷങ്ങൾ മൂർദ്ധന്യാവസ്ഥയിലെത്തുമ്പോൾ കോമരത്തിന് വെളിപാടുണ്ടാകുന്നു. ചന്തൻ, ഭഗവതിക്കോമരം അഞ്ഞൂറ്റാൻ വണ്ണാൻ, മലയൻ തുടങ്ങിയ ആചാരക്കാരോട് ഉരിയാടിയ ശേഷം കങ്കാണിയറയിലേക്ക് പ്രവേശിക്കുന്നു. പൂർവ്വ

കാലവാണവരെ സങ്കൽപ്പിച്ചു കൊണ്ടുള്ള വാചാലിന് ശേഷം നിലവിലുള്ള വാണവരോട് ഉരിയാടി അനുഗ്രഹിക്കുന്നു. പിന്നീട് സ്ഥാനികരായ കുടുപതി കർത്താവ്, ഭക്തജനങ്ങൾ തുടങ്ങിയവരെ ക്രമ മായി അനുഗ്രഹിക്കുന്നു. ഇത്രയുമാണ് സന്ധ്യവേലയിൽ അനുഷ്ഠിക്കുന്ന ചടങ്ങുകൾ.

സന്ധ്യാവേലകഴിയുന്നതോടെ തന്നെ മുഖത്തെഴുത്തു കഴിയും. ഉടനെ തന്നെ മുത്തപ്പൻ 'കെട്ടി ക്കോലം' പുറപ്പെടും. കോലം പുറപ്പെടുന്ന അവസരത്തിൽ ചന്തൻ നിശ്ചയിക്കുന്ന രണ്ട് അടിയാൻമാർ നിവേദ്യത്തിന് കുളിക്കാൻ പോകും. ഓടച്ചൂട്ട് കത്തിച്ച് വഴികാട്ടിയായി തിരുവൻകടവ് വരെ അകമ്പടി സേവിക്കണം. അടിയാൻമാർ കുളിച്ച് ശുദ്ധിവരുത്തി വരുമ്പോൾ രണ്ടു മൺകുടം വെള്ളം കൊണ്ടുവ രും. ഈ വെള്ളമാണ് നിവേദ്യത്തിന് അഭിഷേകത്തിന്നും ഉപയോഗിക്കുക. കുളിച്ചുവന്ന അടി യാൻമാരാണ് നിവേദ്യം ഒരുക്കുന്നത്. അടിയാത്തിമാർ അന്നന്ന് കുത്തിയുണ്ടാക്കിയ ഉണക്കലരിയാണ് നിവേദ്യത്തിന് ഉപയോഗിക്കുന്നത്.

കോലധാരി മുഖത്തെഴുത്തു മാത്രമായി താഴെയുള്ള തറയിൽ വന്നിരുന്ന് ചൊല്ലുന്ന അയ്യൻ തോറ്റത്തിന് ഇലത്താളവും മദ്ദളമോ ചെണ്ടയുടെ വലന്തലയോ കൊട്ടും. സോപാന രീതിയിൽ മധുര തരമായി പാടുന്ന ഈ തോറ്റം കഴിഞ്ഞാൽ 'വീത്ത്' നൽകുന്ന ചടങ്ങാണ്. ഈ സമയത്ത് വാചാല് പറയുകയില്ല. മധുപാനത്തിൽ രസിക്കുന്ന മുത്തപ്പൻ ആഹ്...ഹാ... ഹ...ഹ... എന്ന മൃദുവായ അട്ട ഹാസം പുറപ്പെടുവിക്കുന്നു.

വീത്തുകഴിഞ്ഞ് പിന്നെയും തോറ്റമുണ്ട്. തോറ്റം കഴിഞ്ഞശേഷമുള്ള ചടങ്ങാണ് 'വിളക്കുഴി യൽ' ഇതിന് ശേഷം ഭഗവാൻ അമ്പുകൊണ്ട് പീഠത്തിലെഴുതുന്നു. ഇത് ദിവ്യമായ മൂലമന്ത്ര ങ്ങളാണെന്നു കരുതുന്നു. ഭഗവാന്റെ ആചാര വിശേഷങ്ങളും മറ്റും എക്കാലത്തേക്കുമുള്ള അറിവി നായി കരിങ്കൽപീഠത്തിൽ എഴുതിവെക്കുന്നുവെന്നാണ് സങ്കൽപം. ഈ ചടങ്ങിന് 'പീഠത്തുമ്മലെ ഴുത്ത്' എന്നുപറയും.

പീഠത്തുമ്മലെഴുത്തു കഴിഞ്ഞാൽ 'പള്ളിവേട്ട' എന്ന തിരുനൃത്തമാണ്. അതിന് ശേഷം വീത്ത് സ്വീക രിക്കുകയും പിന്നീട് പട്ടോല വായിക്കുകയും ചെയ്യും. ഭഗവാന്റെ ദിഗ്വിജയം മുഴുവൻ വിവരിക്കുന്ന തോറ്റമാണ് പട്ടോല. തുടർന്ന് വാണവർ, ചന്തൻ, കുടുപതി, കോമരം തുടങ്ങിയവരോട് ഉപചാരപ്ര കാരമുള്ള വായ്‌വാക്ക് പറഞ്ഞശേഷം ഭണ്ഡാരം കൊണ്ടുവരാൻ കല്പിക്കും, പീഠം വരുത്തിയശേഷം വാണവരോട് 'സ്ഥിതിചെയ്യണം വാണവരേ' എന്നാവശ്യപ്പെടും. വാണവർ ഇരുന്നശേഷം മുത്തപ്പൻ തന്റെ ചരിത്രം മുഴവനും വാണവരുമായുള്ള ബന്ധവും വിവരിക്കുന്നു. വാണവരുമായുള്ള ഉപചാര ങ്ങൾ പൂർത്തിയായാൽ ഭക്തജനങ്ങൾക്ക് 'കാണിക്ക' സമർപ്പിക്കാനുള്ള അവസരമായി. സങ്കട നിവർത്തി ക്കായി ഭഗവത് സമക്ഷമെത്തിയ ഭക്തരോട് മുത്തപ്പന്റെ അരുളപ്പാട് ഇങ്ങനെയാണ്.

"കയ്യെടുത്തോ .... അനുഭവം മുത്തപ്പൻ ഉണ്ടാക്കിത്തരും". അഭയം തേടിയെത്തുന്നവരെ ഭഗ വാൻ ആശ്വസിപ്പിക്കും. മുത്തപ്പ വചനങ്ങൾ ഫലത്തിൽ വരിക തന്നെ ചെയ്യും. വിവിധങ്ങളായ കാര്യവിജ യങ്ങൾക്ക് വേണ്ടിയും ശ്രേയസ്സിനുമായി ഭഗവാന്റെ ദർശനത്തിനെത്തുന്നവരെ ആശ്വാസവചനങ്ങൾ കൊണ്ട് ഭക്തിസായൂജ്യമടയിക്കുന്ന കാരുണ്യമൂർത്തിയാണ് മുത്തപ്പൻ. കുന്നത്തൂർപാടി മുത്തപ്പന്റെ ശക്തിചൈതന്യം ആരെയും അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ളതാണ്. മുത്തപ്പൻ ഭക്തൻമാരുടെ മനസ്സ് വായിച്ചറിഞ്ഞ് പ്രതിവിധി കൽപ്പിക്കും. പ്രാർത്ഥന നിറവേറ്റിക്കഴിഞ്ഞ ശേഷം അത് നൽകാതിരുന്നാലും വഴിപാടുകൾ മുടക്കിയാലും പരീക്ഷണത്തിന് മുതിർന്നാലും മുത്തപ്പൻ അതിനുള്ള ദൃഷ്ടാന്തങ്ങൾ കാണിച്ച് ഭക്തരെ നേർവഴിക്ക് കൊണ്ട് വരികയും മോക്ഷം പ്രദാനം ചെയ്യുകയും ചെയ്യും.

## വെള്ളാട്ടം :



മുത്തപ്പൻ മലനാടു കൊള്ളക്കാലത്ത് പുരളി മലയിലെത്തിയപ്പോൾ അത്ഭുതകരമായ ഒരു ഭഗവത്സംഗമം നടന്നു. പുരളിമലയിലെ ആയിരം കൊമ്പൻ കോളി എന്ന വടവൃക്ഷത്തിന്റെ കീഴിലൂടെ പോകു മ്പോൾ മുത്തപ്പന്റെ പള്ളിവില്ല് ഉയർന്ന് നിൽക്കുന്ന ഒരു പുറ്റിൽ തട്ടി. പുറ്റുടഞ്ഞു പോയി. അപ്പോൾ കണ്ടത് വിസ്മയകരമായ ഒരു കാഴ്ച യാണ്. പുറ്റിനുള്ളിൽ ഒരു തിരുരൂപം വിളങ്ങി നിൽക്കുന്നു. ദ്വാപര യുഗാവസാനകാലത്ത് ഭൂമിയിലവതരിച്ച സാക്ഷാൽ പരമശിവൻ തന്നെയായിരുന്നു അത്. കൊമ്പൻ കോളി മരത്തിന്റെ വേരുകൾ കൂട്ടി പിണഞ്ഞ് കിടക്കുന്ന പുറ്റ് പിളർന്ന് തിരുവവതാരം പുറത്തു വന്നു. മുത്തപ്പനെ 'നായനാരെ' എന്നു വിളിക്കുകയും മുത്തപ്പൻ ശിവരൂ പത്തെ തിരിച്ച് 'ചെറുക്കാ' എന്ന് വിളിക്കുകയും ഒരു അമ്പും വില്ലും കൈയിലേൽപ്പിക്കുകയും ചെയ്തു. യഥാർ ത്ഥത്തിൽ ദേവാംശങ്ങ ളുടെ ദിവ്യമായ ഒരു കൂടിച്ചേരൽ തന്നെയായിരുന്നു അത്. ചെറിയ മുത്തപ്പന്റെ ദേഹത്ത് കാണുന്ന വരകൾ ഭഗവാനെ ചുറ്റിപ്പിണഞ്ഞ വേരുക ളുടെ പാടാണ് എന്നാണ് സങ്കൽപ്പം. തിരുവപ്പന വലിയ മുത്ത പ്പനായും വെള്ളാട്ടം ചെറിയ മുത്തപ്പനായും അറിയപ്പെടുന്നു. ചെറിയ മുത്തപ്പനെ 'നമ്പാല മുത്തപ്പൻ' (നമ്പാല - ചിതൽപ്പുറ്റ് -

ചിതൽപ്പുറ്റിൽ നിന്നും ഉദയം ചെയ്ത ദേവൻ) എന്നും വിളിച്ചു വരുന്നു. ചെറിയ മുത്തപ്പനുമായി ചേർന്ന് കൊണ്ട് ദിഗ്വിജയ യാത്ര തുടർന്നു. കുടകു മുതൽ അറബിക്കടൽ വരെയും, കോരപ്പുഴ മുതൽ ചന്ദ്രഗിരിപ്പുഴ വരെയും, ഹുൻസൂർ തുടങ്ങി വിജയനഗര സാമ്രാജ്യത്തിലെ ചില പ്രദേശങ്ങളുടെയും ആധിപത്യം നേടി. ഏഴുമല, പുരളിമല, 72 പടുമല, 108 സ്ഥാനങ്ങൾ, 308 മടപ്പുരകൾ എണ്ണിയാലൊടുങ്ങാത്ത പൊടിക്കളങ്ങൾ മുത്തപ്പൻ മാടിയെടുത്തു (കാൽക്കീഴിലാക്കി) എന്നു തോറ്റത്തിൽ പറയുന്നുണ്ട്.

പാടിയിൽ മുത്തപ്പനും തിരുവപ്പനയും വെവ്വേറെ സമയത്താണ് കെട്ടിയാടുന്നത്. അതിനുള്ള കാരണമിതാണ്. കുന്നത്തൂരിൽ മുത്തപ്പൻ ആദ്യം വന്നത് ഒറ്റക്കാണ്. ദേശാടനത്തിന്റെ ഒരു ഘട്ടം പൂർത്തിയാക്കി കഴിഞ്ഞ ശേഷമാണ് ശിവാംശമായ മുത്തപ്പൻ പാടിയിലെത്തുന്നത്. എന്നാൽ മറ്റു മടപ്പുരകളിൽ മുത്തപ്പനും തിരുവപ്പനയും ഒരുമിച്ച് കെട്ടിയാടപ്പെടുന്നു. പിന്നീടുള്ള ദേശസഞ്ചാരങ്ങൾ ഒന്നിച്ചായിരുന്നു എന്നതു കൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്.

മുത്തപ്പാവതാരങ്ങളെക്കുറിച്ച് കൂടുതലായി പ്രചരിച്ചിട്ടില്ലാത്ത ഒരു ഐതിഹ്യം കൂടിയുണ്ട്. പാടിയിൽ നടന്ന ദേവപ്രശ്നവേളയിലാണ് ഇത് അനാവരണം ചെയ്യപ്പെട്ടത്.

ദ്വാപരയുഗത്തിന്റെ അവസാന കാലഘട്ടത്തിൽ ദേവലോകത്ത് നടന്ന ഒരു വിശിഷ്ട സംഭവത്തിന്റെ ഫലമായാണ് മുത്തപ്പൻമാർ ഭൂമിയിലവതരിച്ചത് എന്നു പറയാം.

ഒരു പൗർണ്ണമിനാളിൽ സ്വർഗ്ഗലോകത്തുണ്ടായ വിനോദ വേളയിൽ പരമശിവൻ തന്റെ ഒരു പ്രതിരൂപം സൃഷ്ടിച്ചു. ഇത് ശ്രദ്ധയിൽപ്പെട്ട വിഷ്ണു ഭഗവാനും ഞൊടിയിട കൊണ്ട് തന്റെയൊരു പ്രതിരൂപത്തെ സൃഷ്ടിച്ചു. എന്നാൽ ഇക്കാര്യം അദ്ദേഹത്തിന് മാത്രമേ അറിയാമായിരുന്നുള്ളൂ. വിഷ്ണുരൂപം ബദരീനാഥിൽ തപസ്സനുഷ്ഠിക്കാനായി പോയി. എന്നാൽ സംഹാരമൂർത്തിയായ ശിവരൂപം ഈരേഴു പതിനാലു ലോകങ്ങളിലും താണ്ഡവമാടാൻ തുടങ്ങി. പാപികളെ വകവരുത്തിയ ശേഷം സംഹാരമൂർത്തി ദേവകളെയും താപസരേയും ആക്രമിക്കുമെന്ന ഘട്ടം വന്നു ചേർന്നു. ആശങ്കാകുലരായ ദേവാദികളും താപസൻമാരും ബ്രഹ്മാവിനെ സമീപിച്ച് തങ്ങളുടെ രക്ഷയ്ക്കായി താണുകേണപേക്ഷിച്ചു. എന്നാൽ ഇങ്ങനെയൊരു സൃഷ്ടിയെക്കുറിച്ച് അദ്ദേഹത്തിന് യാതൊരറിവും തന്നെയില്ലായിരുന്നു. അതുകൊണ്ട് തന്നെ സംഹാരമൂർത്തിയായ സാക്ഷാൽ ശ്രീ പരമേശ്വരനോട് സങ്കടമുണർത്തിക്കാനായി അവരോട് ഉപദേശിച്ചു. അപ്രകാരം ശിവസവിധത്തിലെത്തിയ ദേവകളോട് മഹേശ്വരൻ തന്റെ സൃഷ്ടിയെക്കുറിച്ച് വെളിപ്പെടുത്തി. എന്നാൽ തന്റെ പ്രതിരൂപത്തെ പ്രപഞ്ചമണ്ഡലത്തിൽ നിന്നും തിരിച്ച് വിളിക്കാനാവില്ലെന്ന് അറിയിച്ചു. ഭയവിഹ്വലരായ ദേവാദികൾ വൈകുണ്ഠത്തിലെത്തി മഹാവിഷ്ണുവിന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗം വീണു സങ്കടമുണർത്തിച്ചു. സർവ്വചരാചരങ്ങളുടെയും സംരക്ഷകനായ വിഷ്ണു ഭഗവാൻ ശിവരൂപത്തെ നേരിട്ടുകൊണ്ട് സംഹാരതാണ്ഡവത്തിൽ നിന്ന് പിന്തിരിപ്പിക്കാമെന്ന് ഉറപ്പ് കൊടുത്തു.

വിഷ്ണു ഭഗവാൻ ശിവരൂപത്തോട് പോരാട്ടം തുടങ്ങി. നിരവധി വർഷത്തെ ഘോരയുദ്ധങ്ങൾക്ക് ശേഷവും തുല്യശക്തികളായ വിഷ്ണുമഹേശ്വരൻമാർ അന്യോന്യം കീഴടങ്ങാൻ തയ്യാറായില്ല. ഒടുവിൽ തങ്ങളുടെ പോരിന് യാതൊരർത്ഥവുമില്ലെന്ന് ഇരുവർക്കും തോന്നിതുടങ്ങി. ഒരു ഘട്ടത്തിൽ അവർ യുദ്ധം അവസാനിപ്പിക്കാൻ തയ്യാറായി. മനസംഘർഷങ്ങളടങ്ങിയ ശേഷം വിഷ്ണുരൂപം ശിവരൂപത്തോട് ഒരു വരം തരാമെന്ന് പറഞ്ഞു. എന്നാൽ ശിവരൂപം അതു നിരസിച്ചു. തിരിച്ച് വരം നൽകാൻ താൻ തയ്യാറാണെന്ന് പറഞ്ഞപ്പോൾ സന്തോഷ പൂർവ്വം വരം സ്വീകരിക്കാൻ വിഷ്ണുരൂപം തയ്യാറായി. 'ഖഡ്ഗം തിരിച്ച് പിടിക്കുക ഇന്നു മുതൽ നമുക്ക് ചങ്ങാതികളാവാം' വിഷ്ണു ഭഗവാൻ വരമായി ചോദിച്ചത് ഇതായിരുന്നു. ശിവരൂപം വാൾ തിരിച്ച് പിടിച്ചു യുദ്ധം അവസാനിപ്പിച്ചു. അവർ സുഹൃത്തുക്കളായിത്തീർന്നു.

ശിവരൂപം പിന്നീട് സഹ്യപർവ്വത നിരകളിലെ പുരളിമലയിൽ തപസ്സനുഷ്ഠിക്കുവാൻ തുടങ്ങി. വിഷ്ണുരൂപം ബദരീനാഥിലേക്ക് തിരിച്ച് പോയി തപസ്സു പുനരാരംഭിച്ചു. കാലാന്തരത്തിൽ കലിയുഗത്തിൽ നാരദമഹർഷി ബദരീനാഥിലെത്തി വിഷ്ണുരൂപത്തോട് ദുഷ്ടജനനിഗ്രഹത്തിനും ശിഷ്ടജനപാലനത്തിനുമായി ഭൂമിയിലവതരിച്ച് ധർമ്മം പുനസ്ഥാപിക്കണമെന്നഭ്യർത്ഥിച്ചു. ഭഗവാൻ ആ അപേക്ഷ സ്വീകരിച്ചു. സന്താനലബ്ധിക്കായി തീവ്രവ്രതാനുഷ്ഠാനത്തോടെ കഴിയുന്ന അയ്യങ്കരയില്ലത്തെ വൃദ്ധദമ്പതികളുടെ വളർത്തു മകനായി ഭൂമിയിൽ തിരുവവതാരമെടുത്തു. ഭൂമിയിൽ മുത്തപ്പ ജനനത്തിന്റെ ധന്യനിമിഷമായിരുന്നു തിരുനെറ്റിക്കല്ലിലെ കാൽച്ചിലമ്പൊലി നാദം.

മുത്തപ്പൻ തന്റെ ദ്വിഗ്വിജയവേളയിൽ വില്ലുകൊണ്ട് ഉടഞ്ഞു പോയ പുറ്റിൽ നിന്നും പുറത്തു വന്ന ആ തേജോമയമായ രൂപം ദ്വാപരയുഗത്തിൽ തപസ്സിലാണ്ട ശിവരൂപമായിരുന്നു. ഭൂമിയിൽ അവർ പഴയ സുഹൃദ് ബന്ധം തുടർന്നു തിരുവപ്പനും മുത്തപ്പനുമായി അടിയാൻമാർക്ക് ദർശനം നൽകി. ആ തിരുരൂപങ്ങൾ കോലരൂപത്തിൽ നമ്മെ അനുഗ്രഹിച്ചു പോരുന്നു.

ദേഹത്ത് വേരിന്റെ പാടുകളെഴുതി വൃദ്ധന്റെ - താപസ്സന്റെ - വേഷമാണ് വെള്ളാട്ടത്തിന്റേത്. അരയുടയും മറ്റും തിരുവപ്പനയുടേത് പോലെ തന്നെയാണ്. നരച്ച മീശയും കുറ്റിത്താടിയുമാണ് മുഖരൂപം ചന്ദ്രക്കലാരൂപത്തിലുള്ള വെള്ളികൊണ്ടുണ്ടാക്കിയ കൊടുമുടിയാണ് തിരുമുടി. പാടിയിലൊഴികെ മറ്റു സ്ഥാനങ്ങളിലും മടപ്പുരകളിലും തുമ്പച്ചെടിയുടെ തൂപ്പു കൊണ്ടുണ്ടാക്കിയ തിരുമുടിയാണ് വെക്കു

ന്നത്. കുന്നത്തൂർപാടിയിൽ തിരുവപ്പന കഴിഞ്ഞ് മൂലംപെറ്റമ്മ കെട്ടിയാടിക്കുന്നുണ്ടെങ്കിൽ അതും കഴിഞ്ഞേ വെള്ളാട്ടത്തിന്റെ പുറപ്പാട് ഉണ്ടാവുകയുള്ളൂ.

## മൂലംപെറ്റ ഭഗവതി

കുന്നത്തൂർപാടിയിൽ വളരെ പ്രാധാന്യത്തോടെ കെട്ടിയാടുന്ന മൂലം പെറ്റ ഭഗവതിയെ സംബന്ധിച്ച് പലവിധത്തിലുള്ള വിശ്വാസങ്ങളും ഐതിഹ്യങ്ങളും പ്രചാരത്തിലുണ്ട്. അവയിൽ കൂടുതൽ പ്രചാരമുള്ളതും വിശ്വാസ്യതയുമുള്ളത് അയ്യങ്കരയില്ലത്തെ വാണവരുടെ ധർമ്മപത്നിയായ പാടിക്കുറ്റിയമ്മയാണ് മൂലംപെറ്റമ്മ അല്ലെങ്കിൽ മൂലംപെറ്റ ഭഗവതി എന്നതാണ്. അതിനെ സാധൂകരിക്കുന്ന പലകാര്യങ്ങളുമുണ്ട്. തിരുവപ്പന തിരുമുടിയെടുക്കുന്നതിന് മുമ്പായി ചോറൂണിന് ശേഷം 'മൂലം പെറ്റോളെ നിയമം കൽപ്പിക്കണം' എന്ന് അരുളിചെയ്യുകയും 'ഇന്ന് മാതാവിനെ കെട്ടിയാടിക്കണം' എന്ന് ആജ്ഞാപിക്കുകയും ചെയ്യും. അങ്ങനെയുള്ള വിശിഷ്ടദിവസങ്ങളിൽ മാത്രമാണ് മൂലംപെറ്റ ഭഗവതിയുടെ കോലം കെട്ടിയാടുന്നത്.

പാടിക്കുറ്റിയമ്മ മകനെ മലവാസത്തിനയക്കുന്ന സന്ദർഭത്തിൽ പിറകെ ഞാനും ഉണ്ടാകും. എന്ന് അരുളിചെയ്തുവത്രെ. ലോക രക്ഷാർത്ഥം പരാശക്തിയുടെ അംശമായി ജനിച്ച പാടിക്കുറ്റിയമ്മ ദേഹം വെടിഞ്ഞശേഷം ശക്തിസ്വരൂപിണിയായി മകനായ മുത്തപ്പന്റെ സങ്കേതത്തിൽ വന്നു ചേർന്നു എന്നാണ് സങ്കൽപ്പം. മൂലം നക്ഷത്രത്തിൽ പിറന്ന അമ്മയായ പാടിക്കുറ്റി അന്തർജ്ജനത്തെ മൂലംപെറ്റ ഭഗവതിയായി ആരാധിക്കുന്നു. രാജകുടുംബത്തിലും നാടുവാഴി കുലത്തിലും ജനിച്ചവരെ ജന്മനക്ഷത്രം ചേർത്ത് 'തിരുനാൾ' എന്ന് വിളിച്ചിരുന്ന സമ്പ്രദായം പണ്ടുണ്ടായിരുന്നല്ലോ.

മുത്തപ്പൻ കുന്നത്തൂർപാടിയിൽ വരുന്നതിന് മുമ്പേ സ്ഥലവാസികളുടെ ആരാധനാമൂർത്തിയാണ് ഈ ഭഗവതിയെന്ന് ഒരു വിശ്വാസമുണ്ട്. ലോകരക്ഷാർത്ഥം സൗമ്യമൂർത്തിയായി നിലകൊള്ളുന്ന ഭദ്രകാളിയാണ് മൂലംപെറ്റ ഭഗവതിയെന്ന് തോറ്റത്തിൽ സൂചിപ്പിക്കുന്നുണ്ട്. മുത്തപ്പൻ കുന്നത്തൂർപാടിയിലെത്തിയപ്പോൾ ഭദ്രകാളി സന്തോഷപൂർവ്വം എതിരേൽകുകയും പുത്രനെപ്പോലെ സ്വീകരിക്കുകയും ചെയ്തു. ദാരികവധത്തിനായി ജന്മം കൊണ്ട ദേവി അസുര നിഗ്രഹത്തിന് ശേഷം പാടിയിൽ കുടികൊള്ളുന്നുവെന്നൊരു ഐതിഹ്യമുണ്ട്. (ദാരികന്റെ താവളമായ ദാരികൻ കോട്ട കുന്നത്തൂർപാടിക്കു സമീപമുള്ള ഒരു ചെറു കൊടുമുടിയാണ് എന്നത് ഈ വിശ്വാസത്തിന് ബലമേകുന്നു.)

മൂലംപെറ്റ ഭഗവതി വനദുർഗ്ഗയാണെന്നും എരുവേശ്ശിദേശത്തെ ദേശദേവതയായ പാടിക്കുറ്റി. ഭഗവതിയാണെന്നും സങ്കൽപ്പമുണ്ട്. എരുവേശ്ശിയിലാണ് പുരാതനമായ ശ്രീ പാടിക്കുറ്റി ദേവി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രത്തിലെ ദേവീദേവൻമാരെ ശ്രീ മുത്തപ്പന്റെ അമ്മയായും അച്ഛനായും കരുതിപ്പോരുന്നു.

ഭഗവാൻ ഭൂമിയിലവതരിക്കുന്നതിന് മുമ്പ് തന്നെ മാതാപിതാക്കളായ ദേവീദേവൻമാർ ഭൂമിയിലവതരിച്ച് അവതാരപുരുഷന് ലക്ഷ്യപൂർത്തീകരണത്തിനായി സാഹചര്യമൊരുക്കിയെന്നത് ആശ്ചര്യകരമായ ഒരു വസ്തുതയാണ്.

മുളയും നാരും കൊണ്ട് ഗോപുരാകൃതിയിൽ കെട്ടിയെടുത്ത് മലവാഴയിലകൊണ്ട് പൊതിഞ്ഞുണ്ടാക്കുന്നതാണ് മൂലംപെറ്റമ്മയുടെ തിരുമുടി. (കോല സ്വരൂപത്തിങ്കൽ തായിയുടെ ചമയങ്ങളും ആടയാഭരണങ്ങളോടും സാമ്യമുള്ള നീളമുടി) സ്ത്രീകൾ ഭഗവതിക്ക് വെള്ള വസ്ത്രം നല്കുകയെന്നതാണ് പ്രധാന വഴിപാട്. സന്താന സൗഭാഗ്യങ്ങളുടെ ദേവതയായ ഭഗവതിയെ കെട്ടിയാടിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യാം. സന്താനലാഭത്തിനായി പ്രാർത്ഥിച്ചാൽ സന്താനഭാഗ്യം ലഭിക്കുകയും സുഖപ്രസവത്തിനായി അനുഗ്രഹിക്കുമെന്നുമാണ് വിശ്വാസം. ഈ വിശ്വാസം ഫലത്തിൽ വന്നതായി നിരവധി ഭക്തജനങ്ങൾക്ക് അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

മുത്തപ്പനെ കാണാനെത്തുന്നവർക്ക് അനുഗ്രഹവർഷം ചൊരിഞ്ഞു കൊണ്ട് അഭീഷ്ടവര വരദായിനിയായി സൗമ്യമൂർത്തിയായ മകന്റെ ആരാധനാ കേന്ദ്രത്തിൽ മൂലം പെറ്റ ഭഗവതി കുടികൊള്ളുന്നു.

### വഴിപാടുകളുടെ സവിശേഷതകൾ

പാടിയിലെ വഴിപാടുകൾ ഭഗവാൻ സ്വീകരിക്കുക മാത്രമല്ല അത് തന്റെ തൃക്കരങ്ങൾ കൊണ്ട് നേരിട്ട് നടത്തുക എന്നത് മുത്തപ്പന്റെ പ്രത്യേകതയാണ്.

**ചോറൂണ് :**

മുത്തപ്പൻ തന്നെ കുട്ടികൾക്ക് ചോറു കൊടുക്കുന്നു എന്നതാണ് കുന്നത്തൂർപാടിയിലെ പ്രത്യേകത. ഉപ്പിന്റെ അംശം പോലുമില്ലാത്ത നിവേദ്യച്ചോറാണ് നൽകുന്നത്. ഭക്തൻമാർ പേരുവിളിക്കണമെന്നാവശ്യപ്പെട്ടാൽ അതും മുത്തപ്പൻ നിർവഹിക്കും. ഇഷ്ടപ്പെട്ട പേര് ദൈവത്തോട് പറഞ്ഞാൽ ദൈവം മൂന്നു പ്രാവശ്യം പേര് വിളിക്കുകയും നെറുകയിൽ തൊട്ടനുഗ്രഹിക്കുകയും ചെയ്യുന്നു. ഭക്തന്റെ ഏതാഗ്രഹവും സാധിപ്പിച്ചു കൊടുക്കുന്ന ദയാവാരിധിയുടെ കരുണാകടാക്ഷം നമുക്ക് ഈയവസരത്തിൽ ദർശിക്കാൻ കഴിയും. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ചോറൂണിനും പേരുവിളിക്കുമായി

ഭക്തൻമാർ ഉത്സവവേളയിൽ പാടിയിലെത്തുന്നു.

### തുലാഭാരം

ദൈവത്തിന്റെ തിരുമുമ്പിൽ വെച്ച് തുലാഭാരത്തട്ടിലിരുത്തി തൂക്കും. തുലാഭാരത്തിന്റെ കാർമ്മികത്വവും നിർവ്വഹിക്കുമെന്നതും കയ്യും കണക്കും ബോധ്യപ്പെടുന്നതും മുത്തപ്പൻ നേരിട്ട് തന്നെ. ഭക്തൻമാർ കൊണ്ടുവരുന്ന വസ്തുക്കൾ തികയാതെ വന്നാൽ ഭാരം തികയ്ക്കുന്നതിനായി കാട്ടിലെ കരിങ്കല്ലുവച്ച് ഭാരമൊപ്പിക്കാൻ മുത്തപ്പൻ അനുവാദം നൽകുമെന്നതാണ് ഇവിടുത്തെ തുലാഭാരത്തിന്റെ ഒരു പ്രത്യേകത. വളരെ നിർദ്ധനനായ ഒരു ഭക്തൻ പ്രാർത്ഥനയുമായി വന്നാൽ വെറും കല്ലുകൊണ്ടും തുലാഭാരം നടത്താൻ മുത്തപ്പൻ ദയ കാണിക്കും.

തുലാഭാരം കഴിയുന്നതോടെ മുത്തപ്പന്റെ ചടങ്ങുകളും ക്രിയകളും പൂർത്തിയാകുന്നു. തുലാഭാരം കഴിയുമ്പോൾ മുടിയഴിക്കുന്നതിനായുള്ള ആചാരവെടി മുഴങ്ങും. ഇതാണ് തിരുമുടി അഴിക്കുന്നതിനുള്ള മുഹൂർത്തം. 'ഇരുടോടെ വന്ന് ഇരുടോ(ട്ടോ)ടെ' പോകണമെന്നാണ് കൽപ്പന. അഴിച്ചെടുത്ത തിരുമുടി മടപ്പുരയ്ക്കുള്ളിൽ നിശ്ചിത സ്ഥാനത്ത് വെക്കും.

### ഉത്സവ സമാപന ചടങ്ങുകൾ

മകരം ഒന്നാം തീയ്യതി രാത്രിയിലെ തിരുവപ്പന ചടങ്ങുകൾ അവസാനിക്കുന്നതോടെ ഭണ്ഡാരം പൂട്ടി താക്കോൽ വാണവരെ ഏൽപ്പിക്കുന്നു. അതിന് ശേഷം ഭഗവാൻ തന്നെ തന്റെ ആവാസഭൂമിയിൽ തീർത്ഥം തളിച്ച് ശുദ്ധികർമ്മങ്ങൾ നടത്തും. തുടർന്ന് ഭഗവാൻ 'പാലാഴിയിങ്കൽ പള്ളി കൊള്ളാൻ പോകുന്നു വാണവരെ' എന്നറിയിക്കും . വാണവരിൽ നിന്നും വീത്ത് സ്വീകരിച്ച് അനുഗ്രഹിച്ച ശേഷം തിരുമുടിയഴിക്കും. അതോടെ മുഴുവൻ ഭക്ത ജനങ്ങളും പാടിയിൽ നിന്നും പടിയിറങ്ങുന്നു. പിന്നീട് പാരമ്പര്യോപദേശമനുസരിച്ചുള്ള ചില നിഗൂഢ കർമ്മങ്ങൾക്ക് ശേഷം ഭഗവാനെ 'മലകയറ്റൽ' ചടങ്ങാണ്. ഉത്സവാരംഭദിവസം മലയിറക്കുന്ന ഭഗവാനെ സമാപന ദിവസം മലകയറ്റുന്ന കർമ്മമാണിത്.

ധനു ഒന്നാം തീയ്യതി പാടിയിലെത്തിച്ചേർന്ന അഞ്ഞൂറ്റാനെ വിധിപ്രകാരം മടക്കിയയക്കും. മൂന്നു ദിവസം കഴിഞ്ഞ് മകരം ആറാം തീയ്യതി 'കരിയിടിക്കൽ' ചടങ്ങോടെ പാടിയിലെ ഉത്സവ ചടങ്ങുകൾ അവസാനിക്കുന്നു.

### ശ്രീ കുന്നത്തൂർപാടി താഴെ മടപ്പുര

ആദ്യകാലങ്ങളിൽ വാണവരുടെ ഉടമസ്ഥതയിലുള്ള കളപ്പുരയിൽ വെച്ച് പുത്തരി വെള്ളാട്ടവും ചന്തന്റെ പുരയിൽ വെച്ച് മറുപുത്തരി വെള്ളാട്ടവും നടന്നു വന്നു. കളപ്പുരയിൽവെച്ചാണ് കളത്തിൽത്തിറയും വെള്ളാട്ടവും മറ്റുചടങ്ങുകളുമെല്ലാം നടന്നിരുന്നത്. കളപ്പുരയുടെ സ്ഥാനം കാലക്രമേണ ഒരു പൊടിക്കളമായി മാറി. പിന്നീട് അവിടെ വെച്ചാണ് സംക്രമ വെള്ളാട്ടങ്ങളും മേൽ പ്രസ്താവിച്ച അടിയന്തിരാദി കർമ്മങ്ങളും നടക്കുന്നത്. അടുത്ത കാലത്തായി ദേവഹിതമാനുസരിച്ച് പൊടിക്കളമുണ്ടായിരുന്ന സ്ഥാനത്ത് ഒരു മടപ്പുര നിർമ്മിക്കുകയും ചെയ്തു. നിത്യപൂജകളും സംക്രമ വെള്ളാട്ടങ്ങളും മറ്റെല്ലാ വിശേഷാൽ ചടങ്ങുകളും ഇപ്പോൾ നടക്കുന്നത് ഇവിടെ വെച്ചാണ്. തിരുവപ്പന മഹോത്സവ കാലങ്ങളിലൊഴിച്ച് ഭക്തരുടെ നേർച്ച വെള്ളാട്ടങ്ങൾ നടക്കുന്നത് ഇവിടെയാണ്.

### പ്രതിഷ്ഠാദിന മഹോത്സവം

മീനം 12,13,14 തീയ്യതികളിലായി പ്രതിഷ്ഠാദിന മഹോത്സവം നടക്കുന്നത്. 2003 മാർച്ച് (മീനം 14) മാസത്തിലാണ് മടപ്പുരയിൽ പ്രതിഷ്ഠ നടന്നത്. പ്രതിഷ്ഠാദിന ഉത്സവത്തോടനുബന്ധിച്ച് ശുദ്ധി, വാസ്തുബലി, ഗണപതി ഹോമം, കലശപൂജ, കലശാഭിഷേകം തുടങ്ങിയ താന്ത്രിക കർമ്മങ്ങളും പകൽ വെള്ളാട്ടവും വൈകുന്നേരം ഊട്ടും വെള്ളാട്ടവും രാത്രിയിൽ മൂലംപെറ്റ ഭഗവതിയും ഉണ്ടാകും. പ്രതിഷ്ഠാദിനത്തിൽ ലക്ഷാർച്ചനയും നടന്നു വരുന്നുണ്ട്.



ശ്രീ കുന്നത്തൂർപാടി മുത്തപ്പൻ ആരൂഢസ്ഥാനം

**ക്ഷേത്രത്തിലേക്കുള്ള വഴി:**

കണ്ണൂർ ജില്ല, തളിപ്പറമ്പ - ശ്രീകണ്ഠപുരം - പയ്യാവൂർ വഴി.

.

## ശ്രീ കുന്നത്തൂർപാടി ദേവസ്ഥാനത്തെ
## വഴിപാടുകൾ

| | | | |
|---|---|---|---|
| 1. | തിരുവപ്പന | : | 15. 50 |
| 2. | വെള്ളാട്ടം | : | 2. 50 |
| 3. | ഊട്ടും വെള്ളാട്ടം | : | 45. 50 |
| 4. | മൂലംപെറ്റ ഭഗവതി | : | 2. 50 |
| 5. | കരിങ്കലശം | : | 11. 50 |
| 6. | പട്ടം കൊടുമുടി ചാർത്തൽ | : | 21. 50 |
| 7. | ചോറൂണ് | : | 5. 00 |
| 8. | തുലാഭാരം (തട്ടിൽ പണം) | : | 5. 00 |
| 9. | പൈങ്കുറ്റി | : | 0. 50 |

**ദേവസ്ഥാനത്തെ ഒരു ദിവസത്തെ ഉത്സവത്തിനും
പൊടിക്കളത്തിലെ നേർച്ച വെള്ളാട്ടത്തിനും
പാര്യമ്പര്യട്രസ്റ്റിയുമായി ബന്ധപ്പെടുക.**


**എസ്.കെ. കുഞ്ഞിരാമൻ നായനാർ**

(പാരമ്പര്യ ട്രസ്റ്റി)

കുന്നത്തൂർപാടി ശ്രീ മുത്തപ്പൻ ദേവസ്ഥാനം

പി.ഒ. പഴശ്ശിക്കരി - 670 633,

പയ്യാവൂർ, കണ്ണൂർ ജില്ല

ഫോൺ: 239283 ( ഓഫീസ് ),265466 (വീട്)

## താഴെ മടപ്പുരയിലെ വഴിപാടുകൾ

| | | | |
|---|---|---|---|
| 1 | തിരുവപ്പന | : | 15.50 |
| 2. | വെള്ളാട്ടം | : | 2.50 |
| 3. | പൈങ്കുറ്റി | : | 0.50 |
| 4. | ഊട്ടും വെള്ളാട്ടവും | : | 45.50 |
| 5. | ചോറൂണ് | : | 5.00 |
| 6. | തുലാഭാരം (തട്ടിൽപണം) | : | 5.00 |
| 7. | ഭസ്മാർച്ചന | : | 5.00 |
| 8. | നെയ്‌വിളക്ക് | : | 15.00 |
| 9. | എണ്ണവിളക്ക് | : | 10.00 |
| 10. | കർപ്പൂരാരാധന | : | 5.00 |
| 11. | നേർച്ചപൈങ്കുറ്റി | : | 101.00 |
| 12. | നേർച്ചവെള്ളാട്ടം | : | 2000.00 |
| 13. | നേർച്ച ഊട്ടും വെള്ളാട്ടവും | : | 2500.00 |
| 14. | അന്നദാനം | : | 501.00 |
| 15. | രൂപങ്ങൾ ഒപ്പിക്കൽ | : | 5.00 |
| 16. | മാലപൂജ | : | 2.00 |
| 17. | കെട്ട്നിറ | : | 5.00 |

## മൂലംപെറ്റ ഭഗവതി ക്ഷേത്രത്തിലെ വഴിപാടുകൾ

| | | | |
|---|---|---|---|
| 1. | മൂലംപെറ്റ ഭഗവതി | : | 2.50 |
| 2. | കലശം വെക്കാൻ | : | 101.00 |
| 3. | എണ്ണ വിളക്ക് | : | 10.00 |
| 4. | നെയ് വിളക്ക് | : | 15.00 |
| 5. | വെള്ള ഒപ്പിക്കൽ | : | 5.00 |
| 6. | പട്ട് ഒപ്പിക്കൽ | : | 5.00 |
| 7. | കുങ്കുമാർച്ചന | : | 5.00 |
| 8. | ഭഗവതി നേർച്ച | : | 2000.00 |

This is to certify that Extra Neutral Alcohol (ENA) has been used in production of the following batches of IMFL supplied to Kerala State Beverages Corporation , Kerala.

| Depot: | KSBC - Kannur | Inv No: 672 | | 27.02.2015 |
|---|---|---|---|---|
| S.No | Name of the Brand | No.of C/s | Batch No. | Mfg Month |
| | | | | |
| 1 | Lord & Master French Grape Brandy 500 ML | 19 | 109 | Dec-14 |
| | Lord & Master French Grape Brandy 500 ML | 1 | 163 | Feb-15 |
| | Lord & Master French Grape Brandy 500 ML | 50 | 149 | Jan-15 |
| | Lord & Master French Grape Brandy 500 ML | 330 | 172 | Feb-15 |
| | | | | |
| | | 400 Case | | |

For Allied Blenders and Distillers Pvt. Ltd.,

Authorised Signature

Superintendent Of Excise
Blenders and Distillers Pvt. Lt
8th Mile Stone Tumkur Road,
Nagasandra Post, Bangalore 560



മുത്തപ്പന്റെയും മൂലംപെറ്റ ഭഗവതിയുടെയും
ശ്രീകോവിലുകൾ



ശ്രീ കുന്നത്തൂർപാടി താഴെ മടപ്പുര